VOL NO: 04 I ISSUE 16
www.nerpatham.com
mail@nerpatham.com
2021 APRIL 10 I ₹12

നേർപഥം
വാരിക

# റമദാൻ: ആത്മീയതയുടെ വസന്തകാലം

സത്യവിശ്വാസികളുടെ മനസ്സിൽ ആനന്ദത്തിന്റെ വേലിയേറ്റം സൃഷ്ടിക്കുന്ന റമദാൻ സമാഗതമാവുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ വേലികെട്ടിയ രണ്ടാമത്തെ റമദാനാണിത്. പരിമിതികൾ ഉൾക്കൊണ്ട് എങ്ങനെ ആത്മീയതയുടെ വസന്തകാലം തീർക്കാമെന്നാണ് നാം പര്യാലോചിക്കേണ്ടത്.

- **ഇന്ത്യ ദരിദ്രരാജ്യങ്ങളുടെ മുൻനിരയിലേക്കോ?**

- **അഹ്‌ലൻ റമദാൻ**
- **കനിവ് കിനിയുന്ന കിറ്റുകൾ**
- **ആരാധനകൾക്കൊരു ആമുഖം**
- **നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും**

Watch
Classes at:

WISDOM students

ഹൃദയം തുറക്കാം , ഖുർആൻ പഠിക്കാം

# 25ാമത് ക്വുർആൻ
# വിജ്ഞാന പരീക്ഷ

2021
ഏപ്രിൽ
30
വെള്ളി

8.30 am - 10.00 pm
IST

- **സിലബസ് :**
  സുറ: അമ്പിയാഅ്, സൂറ: ഹജ്ജ്
  (മുഹമ്മദ് അമാനി മൗലവിയുടെ ഖുർആൻ പരിഭാഷ)
- സിലബസ് അനുസരിച്ചുള്ള പഠന ക്ലാസുകൾ എഡിഫിസ് ആപ്പിലും വിസ്ഡം ഗ്ലോബൽ ടി വി യൂട്യൂബ് ചാനലിലും ലഭ്യമാണ്
- വിജയികൾക്ക് ഒന്നര ലക്ഷം രൂപയുടെ ക്യാഷ് പ്രൈസ്

**Register now: qvp.wisdomislam.org**


edifice

wisdomstudents

CV Complex
PV Swami Road, Kozhikode
8156 81 2292

# 0221
# നേർപഥം
വാരിക

2021 ഏപ്രിൽ 10
1442 ശഅബാൻ 27
പുസ്തകം 05 / ലക്കം 16


**10**
**റമദാൻ: ആത്മീയതയുടെ വസന്തകാലം**
അബ്ദുൽ മാലിക് സലഫി

**05**
**മുഖമൊഴി**
ഇന്ത്യ ദരിദ്രരാജ്യങ്ങളുടെ മുൻനിരയിലേക്കോ?
എഡിറ്റർ

**06**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**14**
**ലേഖനം**
ഔൽ: മസ്അലയും വിമർശകരും
ശബീബ് സ്വലാഹി തിരൂരങ്ങാടി

**18**
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

**24**
**കാഴ്ച**
കനിവ് കിനിയുന്ന കിറ്റുകൾ
ഇബ്നു അലി എടത്തനാട്ടുകര

**26**
**ചരിത്രപഥം**
നബിﷺയും ദൈവിക ദൃഷ്ടാന്തങ്ങളും
ഹുസൈൻ സലഫി, ഷാർജ

**31**
**ക്വുർആൻ ദർശനം**
അർറ്വഹ്മാൻ (പരമകാരുണികൻ)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**34**
**ബാലപഥം**
അഹ്ലൻ റമദാൻ
ഉസ്മാൻ പാലക്കാഴി



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo



Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly




ചലനങ്ങൾ

# ഇലക്ഷനും റമദാനും കോവിഡിന്റെ രണ്ടാംവരവും

കോവിഡ് പ്രോട്ടോകോൾ തുടക്കത്തിൽ നന്നായി പാലിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ ഇലക്ഷൻ വന്നതോടെ നിയന്ത്രണങ്ങൾ ഉത്തരവുകളിൽ ഒതുങ്ങി. വമ്പിച്ച ആൾക്കൂട്ടങ്ങൾ കേരളം മുഴുവൻ അലയടിച്ചു. ഈ സന്ദർഭത്തിലാണ് കോവിഡിന്റെ രണ്ടാംവരവ് ഭീതിപ്പെടുത്തുന്നത്.

ഇലക്ഷന് ശേഷം വലിയ നിയന്ത്രണങ്ങളിലേക്ക് കടക്കേണ്ടിവരും എന്ന മുന്നറിയിപ്പും വന്നുകഴിഞ്ഞു. സ്വാഭാവികമായും ഇലക്ഷൻ കഴിഞ്ഞാൽ ഭരണ, പ്രതിപക്ഷ പാർട്ടികൾക്കെല്ലാം ആൾക്കൂട്ടം ആവശ്യമില്ലാതെ വരും. അതുകൊണ്ടുതന്നെ നിയന്ത്രണങ്ങൾ കടുപ്പിക്കുന്നതിന് ആർക്കും പരിഭവമുണ്ടാവാനിടയില്ല. വിശ്വാസികൾ അവരുടെ ആരാധനക്കായി ഒരുമിച്ച് ചേരുന്നതിനെ നിയന്ത്രിക്കാനാണ് ഇനി എല്ലാവർക്കും ആവേശമുണ്ടാവുക.

വിശുദ്ധ റമദാനിൽ പള്ളികൾ സജീവമാകുന്നതിന് തടസ്സമുണ്ടാക്കുന്ന നിയന്ത്രണങ്ങൾ ഉണ്ടാകരുതെന്ന് ബന്ധപ്പെട്ടവരോട് അഭ്യർഥിക്കുകയാണ്. കഴിഞ്ഞവർഷം തന്നെ റമദാനിലും പെരുന്നാളിനും പള്ളിയിൽ എത്താൻ സാധിക്കാത്തവരാണ് വിശ്വാസികൾ. ഈ വർഷവും അത് ആവർത്തിച്ചുകൂടാ. രോഗപ്പകർച്ച തടയാൻ ആവശ്യമായ നിർദേശങ്ങൾ സ്വീകരിച്ചുകൊണ്ട് തന്നെയാണ് പള്ളികൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. അത് റമദാനിലും തുടരാൻ സാധിക്കും വിധമാകണം നിർദേശങ്ങൾ നൽകേണ്ടത്.

കോവിഡിന്റെ തുടക്കത്തിൽ ലഭിച്ച വിവരങ്ങൾ മുന്നിൽവെച്ച് മതപരമായ ബാധ്യതയെന്ന നിലയിൽ തന്നെ യുക്തമായ നിലപാട് എടുക്കുന്നതിൽ ആരാധനാലയങ്ങൾ മുൻപന്തിയിലുണ്ടായിട്ടുണ്ട്. പൊതു ഇടങ്ങളെല്ലാം ഓരോരുത്തരുടെയും ഇഷ്ടാനുസരണം തുറക്കുകയും ആരാധനാലയങ്ങളിൽ മാത്രം നിയന്ത്രണം കടുപ്പിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

– ടി.കെ. അശ്‌റഫ്

### ക്ഷേമ പദ്ധതികൾ ഫലപ്രദമായി ജാമിഅ അൽഹിന്ദ്: ‘വിഷൻ 2030’ പ്രഖ്യാപിച്ചു

മലപ്പുറം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന് കീഴിൽ മലപ്പുറം വേങ്ങര മിനിഊട്ടിയിൽ പ്രവർത്തിച്ചുവരുന്ന ജാമിഅ അൽഹിന്ദിന്റെ ‘വിഷൻ 2030’ പ്രഖ്യാപിച്ചു. സമൂഹത്തിന്റെ ധാർമികവും സാംസ്‌കാരികവുമായ പുനരുജ്ജീവനത്തിന് കരുത്ത് പകരാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്ന് പ്രഖ്യാപന സമ്മേളനം ആവശ്യപ്പെട്ടു. ജാമിഅയുടെ സമഗ്രവികസനം ലക്ഷ്യമക്കിയാണ് ‘വിഷൻ 2030’ നടപ്പാക്കുന്നത്. 10 പദ്ധതകളിലായി 36 പഠനകോഴ്‌സുകളാണ് ജാമിഅ നടപ്പിലാക്കുക

ശൈഖ് മുഹമ്മദ് ബിൻഹമദ് അൽഹുമൂദ് അന്നജ്ദി (കുവൈത്ത്) ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. ജാമിഅ അൽഹിന്ദ് പ്രിൻസിപ്പാൾ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, ലജ്‌നത്തുൽ ബുഹൂഥിൽ ഇസ്‌ലാമിയ്യ പ്രസിഡന്റ് ഹുസൈൻ സലഫി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ്, സെക്രട്ടറി പ്രൊഫ. ഹാരിസ്ബ്നു സലീം എന്നിവർ പ്രസംഗിച്ചു.

മുഖമൊഴി

# ഇന്ത്യ ദരിദ്രരാജ്യങ്ങളുടെ മുൻനിരയിലേക്കോ?

ഇന്ത്യ ബ്രിട്ടീഷുകാരുടെ ആധിപത്യത്തിൽനിന്ന് സ്വാതന്ത്ര്യം നേടിയിട്ട് മുക്കാൽനൂറ്റാണ്ട് തികയാറായി. അതിനുശേഷം രാജ്യം ഒരുപാട് പുരോഗമിച്ചു. ശാസ്ത്ര, സാങ്കേതിക രംഗങ്ങളിൽ അഭൂതപൂർവമായ നേട്ടം കൈവരിച്ചു. നെഹ്റു സർക്കാർ കൊണ്ടുവന്ന പഞ്ചവൽസര പദ്ധതികൾ കാർഷിക, വ്യാവസായികരംഗങ്ങളിൽ വൻ പുരോഗതിയുണ്ടാക്കി. വികസിതരാജ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടാൻ ഇതുവരെ സാധിച്ചിട്ടില്ലെങ്കിലും വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഇന്ത്യ മുൻപന്തിയിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വികസ്വരരാജ്യങ്ങളുടെ പട്ടികയിൽ നിന്നും ദരിദ്രരാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യ കൂപ്പുകുത്തിയിരിക്കുന്നു!

ഇപ്പോഴത്തെ സർക്കാരിന്റെ ഭരണത്തിലുള്ള പിടിപ്പുകേടിന്റെയും ദീർഘവീക്ഷണമില്ലായ്മയുടെയും ജനക്ഷേമ കാര്യങ്ങളിൽ താൽപര്യമില്ലാത്തതിന്റെയും അനന്തരഫലം ഇതിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല. അത് അതിസമ്പന്നരല്ലാത്ത എല്ലാവരുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. ഇന്ത്യയുടെ നട്ടെല്ലെന്നു വിശേഷിപ്പിക്കാവുന്ന കർഷകർ മാസങ്ങളായി സമരവുമായി തലസ്ഥാനത്തെ തെരുവുകളിൽ പ്രതികൂലമായ കാലാവസ്ഥകളോട് മല്ലിട്ട് ജീവിതം തള്ളിനീക്കുകയാണ്. ലോകത്തെ ഒരു രാജ്യത്തെ കർഷകർക്കും ഇത്തരമൊരു ദുരവസ്ഥ നേരിടേണ്ടിവന്നിട്ടുണ്ടാകുമെന്ന് തോന്നുന്നില്ല.


സാധാരണക്കാരുടെ ജീവിതാഭിവൃദ്ധിയിൽ താൽപര്യമുള്ള ഒരു ഭരണകൂടത്തിനേ രാജ്യത്തെ യഥാർഥ പുരോഗതിയിലേക്ക് നയിക്കാനാവൂ. ക്രിക്കറ്റിൽ ലോകകിരീടം നേടിയതുകൊണ്ടോ ചൊവ്വയിലേക്ക് പര്യവേഷണ സംഘത്തെ അയച്ചതുകൊണ്ടോ ലഭിക്കുന്ന കീർത്തി പട്ടിണിയിൽ കഴിയുന്ന കോടിക്കണക്കിനു മനുഷ്യർക്ക് യാതൊരു സന്തോഷവും നൽകില്ല. അവരുടെ സന്തോഷവും സമാധാനവും വിശപ്പുമാറ്റാൻ അന്നം ലഭിക്കുന്നതിലും തലചായ്ക്കാൻ സ്വന്തമായി ഒരിടം ലഭിക്കുന്നതിലുമാണ്. തൊഴിലില്ലാത്ത, വിശപ്പകറ്റാൻ അന്നം ലഭിക്കാത്ത, സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത, ചേരികളിലും പാതയോരങ്ങളിലുമായി കഴിയുന്ന കോടിക്കണക്കിനു മനുഷ്യർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ശ്രമിക്കാതെ, കോർപ്പറേറ്റു ഭീമൻമാരുടെ ലക്ഷക്കണക്കിനു കോടിരൂപയുടെ കടം എഴുതിത്തള്ളി അവർക്ക് 'താങ്ങും തണലും' നൽകുന്ന ഒരു ഗവൺമെന്റിന് തങ്ങൾ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നു എന്ന് എങ്ങനെ അവകാശപ്പെടാനാകും?

ദാരിദ്ര്യനിർമാർജനത്തിനായും സമൂഹത്തിന്റെ താഴെതട്ടിലുള്ളവരുടെ ഉന്നമനത്തിനായും ഒട്ടേറെ പദ്ധതികൾ സർക്കാർതലത്തിലുണ്ട്. എന്നാൽ അവയൊന്നും കൃത്യമായി നടപ്പിലാക്കപ്പെടുന്നില്ല, അർഹരായവരിലേക്ക് പൂർണമായും എത്തുന്നില്ല എന്നത് വസ്തുതയാണ്. രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും 'കയ്യിട്ടുവാരൽ' നിർലോഭം നടക്കുന്നത് തടയാൻ സർക്കാർ ശ്രമിച്ചാൽ കുറെയൊക്കെ മാറ്റമുണ്ടാക്കാൻ കഴിയും.

ഉള്ളവർ ഇല്ലാത്തവരെ സഹായിക്കണം. അത് മനുഷ്യത്വത്തിന്റെ അടയാളമാണ്. ഒട്ടേറെ വ്യക്തികളും സേവന, സന്നദ്ധ പ്രവർത്തകരും ചാരിറ്റി സംഘടനകളും വ്യക്തികളും നമ്മുടെ രാജ്യത്ത് സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഭക്ഷണം, പാർപ്പിടം, ചികിൽസ തുടങ്ങിയ കാര്യങ്ങളിൽ ഒട്ടേറെ പേർക്ക് അവർ സഹായം നൽകുന്നത് നമുക്കറിയാം. സമ്പന്നരുടെമേൽ നിർബന്ധദാനം അഥവാ സകാത്ത് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത് ഈ മാനുഷികഗുണം ഊട്ടിയുറപ്പിക്കുവാൻ വേണ്ടി കൂടിയാണ്. യാചിക്കേണ്ട അവസ്ഥയുണ്ടായിട്ടും മാന്യത കാത്തുസൂക്ഷിച്ചുകൊണ്ട് യാചനയുടെ മാർഗം സ്വീകരിക്കാത്തവരും സമൂഹത്തിലുണ്ടായിരിക്കും. അത്തരക്കാരെ കണ്ടെത്തുവാനും അവരെ സഹായിക്കുവാനും കഴിയേണ്ടതുണ്ട്.

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. അല്ലാഹുവിനോടാണ് ചോദിക്കാനുള്ളതും അവനിൽ നിന്നാണ് ഉത്തരം പ്രതീക്ഷിക്കുന്നതും. അവൻ നിങ്ങളെ ഇഹലോകത്തും പരലോകത്തും അവന്റെ ഇഷ്ടദാസന്മാരിൽ ഉൾപ്പെടുത്തുമാറാകട്ടെ! പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അനുഗ്രഹങ്ങൾ നിങ്ങൾക്കുമേൽ ചൊരിയുമാറാകട്ടെ! അല്ലാഹു അനുഗ്രഹം ചെയ്താൽ നന്ദികാണിക്കുകയും പരീക്ഷിക്കപ്പെടുമ്പോൾ സഹനമവലംബിക്കുകയും തെറ്റു സംഭവിച്ചുപോയാൽ പൊറുക്കലിനെ തേടുകയും ചെയ്യുന്ന സദ്വൃത്തരിൽ അവൻ നിങ്ങളെ ഉൾപ്പെടുത്തുമാറാകട്ടെ!

നിശ്ചയം, ഈ മൂന്ന് കാര്യങ്ങളാണ് ഒരു അടിമയുടെ സൗഭാഗ്യത്തിന്റെ മുഖമുദ്രയും ഇഹലോകത്തിലും പരലോകത്തിലുമുള്ള അവന്റെ വിജയത്തിന്റെ അടയാളവും. ഒരു ദാസന്ന് അതിൽനിന്നും ഒരിക്കലും വേറിട്ടുനിൽക്കാനൊക്കുകയില്ല. മറിച്ച്, അവൻ എപ്പോഴും ഈ മൂന്ന് തട്ടുകൾക്കിടയിൽ തിരിഞ്ഞുമറിഞ്ഞുകൊണ്ടിരിക്കും, തീർച്ച!

അല്ലാഹുവിൽനിന്ന് തുടർച്ചയായി കിട്ടിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ! അത് നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് നന്ദികാണിക്കുന്നതിലൂടെയാണ്. ആ നന്ദിപ്രകടനം മൂന്ന് സുപ്രധാന കാര്യങ്ങളിലാണ് നിലകൊള്ളുന്നത്.

1. മനസ്സുകൊണ്ട് ആ അനുഗ്രഹത്തെ തിരിച്ചറിയൽ.

2. നാവുകൊണ്ട് അതിനെക്കുറിച്ച് സംസാരിക്കൽ.

3. നൽകിയ അനുഗ്രഹദാതാവിന്റെ തൃപ്തിയിൽ അവ വിനിയോഗിക്കൽ.

ഈ മൂന്ന് കാര്യങ്ങൾ ഒരാൾ ചെയ്താൽ അയാൾ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്തു എന്നു പറയാം; ആ നന്ദിപ്രകടനത്തിൽ വീഴ്ച വന്നിട്ടുണ്ട് എങ്കിൽകൂടി. രണ്ടാമതു പറഞ്ഞത് അല്ലാഹുവിൽനിന്നുള്ള പരീക്ഷണങ്ങളെ സംബന്ധിച്ചാണ്. അതിൽ ഒരടിമയ്ക്ക് കരണീയമായിട്ടുള്ളത് പടച്ചവന്റെ തീരുമാനത്തിൽ ക്ഷമിക്കുകയും അതിന് കീഴ്പ്പെടുകയുമാണ്.

'ക്ഷമ' അല്ലെങ്കിൽ 'സഹനം' (സ്വബ്ർ) എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ വിധിയിൽ ദേഷ്യപ്പെടാതെ മനസ്സിനെ നിയന്ത്രിക്കലും അതിൽ ആവലാതികളും സങ്കടങ്ങളും മറ്റുള്ളവരോട് പറയാതെ അതിനെ നിയന്ത്രിക്കലും അല്ലാഹുവിനെ ധിക്കരിക്കാതെ; അഥവാ മുഖത്തടിക്കുക, വസ്ത്രത്തിന്റെ മാറ് പിടിച്ചുകീറുക, മുടി പിടിച്ചുപറിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാതെ അവയവങ്ങളെ നിയന്ത്രിക്കുകയുമാണ്.

ക്ഷമ എന്നതിന്റെ കേന്ദ്രബിന്ദു ഈ മൂന്ന് കാര്യങ്ങളാണ്. അവ വേണ്ടപോലെ ഒരാൾ ചെയ്യുകയാണെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം പരീക്ഷണങ്ങൾ പാരിതോഷികങ്ങളായി മാറും. പ്രയാസങ്ങൾ പ്രിയങ്കരമാവും. ഒരിക്കലും അല്ലാഹു ഒരാളെ നശിപ്പിക്കാനല്ല പരീക്ഷിക്കുന്നത് മറിച്ച്, ഒരാളുടെ ക്ഷമയും കീഴൊതുക്കവും സ്ഫുടം ചെയ്തെടുക്കാനാണ് പരീക്ഷണങ്ങൾ. തീർച്ചയായും സന്തോഷവേളകളിൽ അല്ലാഹുവിന് കീഴ്പ്പെടേണ്ടതാണ് എന്നപോലെ സന്താപവേളകളിലും ഒരാൾ അല്ലാഹുവിന് കീഴ്പ്പെടേണ്ടതാണ്. ഇഷ്ടകരമായ കാര്യങ്ങളിലും അനിഷ്ടകരമായ സംഗതികളിലും അവന്ന് കീഴ്പ്പെടേണ്ടവനാണ് ഒരു വിശ്വാസി. ഭൂരിപക്ഷമാളുകളും തങ്ങൾക്കിഷ്ടപ്പെടുന്ന കാര്യങ്ങളിൽ മാത്രമാണ് ആ കീഴൊതുങ്ങലിന് സന്നദ്ധമാകാറുള്ളത്. എന്നാൽ അനിഷ്ടകരമായ കാര്യങ്ങളിലെ കീഴൊതുക്കമാണ് ഏറ്റവും പ്രധാനം. അതിനനുസരിച്ചാണ് ആളുകളുടെ പദവി വ്യത്യാസപ്പെടുന്നതും അല്ലാഹുവിന്റെയടുക്കൽ അവർക്കുള്ളസ്ഥാനവും. ഉദാഹരണത്തിന്; നല്ല ചൂടുള്ള സമയത്ത് തണുത്തവെള്ളത്തിൽ അംഗസ്നാനം ചെയ്യൽ അല്ലാഹുവിന് കീഴൊതുങ്ങലാണ്. താൻ ഇഷ്ടപ്പെടുന്ന തന്റെ സുന്ദരിയായ ഇണയെ ഒരാൾ പ്രാപിക്കുന്നതും ഇതേ കീഴ്പ്പെടലാണ്. തനിക്കും തന്റെ ഭാര്യക്കും മക്കൾക്കും സമ്പത്ത് ചെലവഴിക്കലും ഇതുപോലെതന്നെ.

എന്നാൽ കൊടുംതണുപ്പുള്ള സമയത്ത് തണുത്ത വെള്ളത്തിൽ അംഗസ്നാനം ചെയ്യലും അല്ലാഹുവിന് കീഴ്പ്പെടലാണ്. ആളുകളെയൊന്നും പേ

> **ക്ഷമ എന്നതിന്റെ കേന്ദ്രബിന്ദു മൂന്ന് കാര്യങ്ങളാണ്. അവ വേണ്ടപോലെ ഒരാൾ ചെയ്യുകയാണെങ്കിൽ അയാളെ സംബന്ധിച്ചിടത്തോളം പരീക്ഷണങ്ങൾ പാരിതോഷികങ്ങളായി മാറും. പ്രയാസങ്ങൾ പ്രിയങ്കരമാവും. ഒരിക്കലും അല്ലാഹു ഒരാളെ നശിപ്പിക്കാനല്ല പരീക്ഷിക്കുന്നത് മറിച്ച്, ഒരാളുടെ ക്ഷമയും കീഴൊതുക്കവും സ്ഫുടം ചെയ്തെടുക്കാനാണ് പരീക്ഷണങ്ങൾ. തീർച്ചയായും സന്തോഷവേളകളിൽ അല്ലാഹുവിന് കീഴ്പ്പെടേണ്ടതാണ് എന്നപോലെ സന്താപവേളകളിലും ഒരാൾ അല്ലാഹുവിന് കീഴ്പ്പെടേണ്ടതാണ്. ഇഷ്ടകരമായ കാര്യങ്ങളിലും അനിഷ്ടകരമായ സംഗതികളിലും അവന്ന് കീഴ്പ്പെടേണ്ടവനാണ് ഒരു വിശ്വാസി. ഭൂരിപക്ഷമാളുകളും തങ്ങൾക്കിഷ്ടപ്പെടുന്ന കാര്യങ്ങളിൽ മാത്രമാണ് ആ കീഴൊതുങ്ങലിന് സന്നദ്ധമാകാറുള്ളത്. എന്നാൽ അനിഷ്ടകരമായ കാര്യങ്ങളിലെ കീഴൊതുക്കമാണ് ഏറ്റവും പ്രധാനം.**

ടിക്കേണ്ടതായ സാഹചര്യമില്ലാഞ്ഞിട്ടും, ശക്തമായ പ്രേരണകളും അനുകൂല സാഹചര്യങ്ങളുണ്ടായിരുന്നിട്ടും തിന്മകൾ ചെയ്യാതെ ഒരാൾ മാറിനിൽക്കുന്നതും അല്ലാഹുവിനുള്ള കീഴ്പ്പെടലാണ്. പ്രയാസഘട്ടങ്ങളിൽ ചെലവഴിക്കലും പടച്ചവന് കീഴ്പ്പെടലാണ്. പക്ഷേ, ഈ രണ്ടു തരം കീഴ്പ്പെടലുകൾ തമ്മിൽ വലിയ അന്തരമുണ്ട്.

അതിനാൽ ആരെങ്കിലും ഈ രണ്ട് സന്ദർഭങ്ങളിലും അല്ലാഹുവിന് കീഴ്പ്പെട്ട് തന്റെ ബാധ്യത നിർവഹിക്കുകയാണെങ്കിൽ -അതായത്, ഇഷ്ടകരമായതിലും അനിഷ്ടകരമായതിലും- അവന്ന് അല്ലാഹു മതിയായവനാണ്. അതാണ് അല്ലാഹുവിന്റെ ഈ വചനം അറിയിക്കുന്നതും: "തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്ന പക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല" (ക്വുർആൻ 39:36).

തന്റെ ദാസന്ന് (അബ്ദഹു) എന്നിടത്ത് തന്റെ അടിമകൾക്ക് (ഇബാദഹു) എന്ന ഒരു പാരായണവുമുണ്ട്. രണ്ടും സമമാണ്. കാരണം ഏകവചനം മറ്റൊന്നിലേക്കു ചേർത്ത് പ്രയോഗിച്ചാൽ ബഹുവചനത്തിന്റെ വ്യാപകാർഥം കിട്ടുമെന്നാണ് ഭാഷാശാസ്ത്രം.

അപ്പോൾ പരിപൂർണമായ പര്യാപ്തത പരിപൂർണമായ പ്രസ്തുത കീഴൊതുങ്ങലിലാണ്. ഒന്നിലെ അപൂർണത മറ്റേതിലും അപൂർണമായിരിക്കും. അതിനാൽ ആർക്കെങ്കിലും വല്ല നന്മയും ലഭിച്ചാൽ അതിന് അവൻ അല്ലാഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. അതല്ലാത്തതാണ് കിട്ടിയതെങ്കിൽ മറ്റാരെയും പഴിചാരേണ്ടതുമില്ല.

ഇപ്രകാരം പരിപൂർണമായി അല്ലാഹുവിന് കീഴൊതുങ്ങിയ അവന്റെ ദാസന്മാരെ സംബന്ധിച്ചിടത്തോളം അവരുടെമേൽ യഥാർഥ ശത്രുവിന് (പിശാചിന്) യാതൊരു ആധിപത്യവും ഉണ്ടാവുകയില്ല. അല്ലാഹു പറയുന്നു:

"തീർച്ചയായും എന്റെ ദാസൻമാരുടെ മേൽ നിനക്ക് യാതൊരു ആധിപത്യവുമില്ല. നിന്നെ പിൻപറ്റിയ ദുർമാർഗികളുടെ മേലല്ലാതെ" (ക്വുർആൻ 15:42).

അല്ലാഹു അവന്റെ ദാസന്മാരെ തനിക്ക് കീഴ്പ്പെടുത്തിത്തരികയില്ലെന്നും തനിക്ക് അവരുടെമേൽ ആധിപത്യം സ്ഥാപിക്കാനാവില്ലെന്നും ഇബ്‌ലീസ് മനസ്സിലാക്കിയപ്പോൾ അല്ലാഹുവിനോട് ഇപ്രകാരം പറഞ്ഞു:

"അവൻ (ഇബ്‌ലീസ്) പറഞ്ഞു: നിന്റെ പ്രതാപമാണ് സത്യം; അവരെ മുഴുവൻ ഞാൻ വഴിതെറ്റിക്കുക തന്നെ ചെയ്യും. അവരിൽ നിന്റെ നിഷ്‌കളങ്കരായ ദാസന്മാരൊഴികെ" (ക്വുർആൻ 38:82,83).

അല്ലാഹു പറഞ്ഞു: "തീർച്ചയായും തന്റെ ധാരണ ശരിയാണെന്ന് ഇബ്‌ലീസ് അവരിൽ തെളിയിച്ചു. അങ്ങനെ അവർ അവനെ പിന്തുടർന്നു; ഒരു സംഘം സത്യവിശ്വാസികളൊഴികെ. അവന്ന് (ഇബ്‌ലീസിന്) അവരുടെമേൽ യാതൊരധികാരവും ഉണ്ടായിരുന്നില്ല. പരലോകത്തിൽ വിശ്വസിക്കുന്നവരെ അതിനെപ്പറ്റി സംശയത്തിൽ കഴിയുന്നവരുടെ കൂട്ടത്തിൽനിന്ന് നാം തിരിച്ചറിയുവാൻ വേണ്ടി മാത്രമാണിത്. നിന്റെ രക്ഷിതാവ് ഏതു കാര്യവും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു" (ക്വുർആൻ 34:20,21).

തന്റെ ശത്രുവിന് സത്യവിശ്വാസികളായ ദാസന്മാരുടെമേൽ അല്ലാഹു ആധിപത്യം നൽകിയില്ല. മറിച്ച് സത്യവിശ്വാസികൾ അല്ലാഹുവിന്റെ സംരക്ഷണത്തിലും കാവലിലുമാണുള്ളത്. ഇനി വല്ല അശ്രദ്ധനായ മനുഷ്യനെയും കള്ളന്മാർ ചതിയിൽപ്പെടുത്തുന്നതുപോലെ അവരിൽ ആരെയെങ്കിലും ഇബ്‌ലിസ് ചതിയിൽ പെടുത്തുകയാണെങ്കിൽ അത് സൂക്ഷിക്കേണ്ടതാണ്. കാരണം തീർച്ചയായും ഒരു അടിമ അശ്രദ്ധയും മനസ്സിന്റെ മോഹങ്ങളും കോപവും കൊണ്ട് പരീക്ഷിക്കപ്പെടും. (പിശാച് എന്ന ശത്രു ഈ ദ്വാരങ്ങളിലൂടെ കടന്നുവന്നേക്കും; സൂക്ഷിക്കുക എന്ന് സാരം).

ഇബ്‌ലീസ് ഒരാളുടെ അടുക്കൽ ചെല്ലുന്നത് ഈ മൂന്ന് വാതിലുകളിലൂടെയാണ്. ഒരാൾ എത്രതന്നെ ജാഗ്രതയും സൂക്ഷ്മതയും കൈക്കൊള്ളുന്ന ആളായിരുന്നാലും അയാൾക്ക് മറവിയുണ്ടാകും. മനസ്സിന്റെ മോഹങ്ങളുണ്ടാവുക എന്നതും സ്വാഭാവികമാണ്. ദേഷ്യവും കോപവും മാനുഷ്യസഹജമാണുതാനും. മനുഷ്യകുലത്തിന്റെ ആദ്യപിതാവ് ആദം(عليه السلام) നല്ല സഹനശീലനും വിവേകിയും ബുദ്ധിമാനും സ്ഥൈര്യമുള്ളയാളും ഒക്കെയായിരുന്നു. എന്നിട്ടും ആ ശത്രു നിരന്തര പരിശ്രമത്തിലൂടെ ആദമി(عليه السلام)നെ അപായത്തിൽ പെടുത്തിയത് അറിയുമല്ലോ!

എന്നിരിക്കെ, കുറച്ചുമാത്രം വിവേകവും സഹനതയുമുള്ള, വളരെ നാമമാത്രമായ ചിന്തയും ബുദ്ധിയുമുള്ള ആളുകളെ സംബന്ധിച്ച് നീ എന്താണ് കരുതുന്നത്?

പക്ഷേ, അല്ലാഹുവിന്റെ ശത്രു സത്യവിശ്വാസിയുടെ അടുക്കലേക്ക് ചതിയിലൂടെയും വഞ്ചനയിലൂടെയും അശ്രദ്ധകാരണങ്ങളാലും ഒക്കെയല്ലാതെ എ

ത്തുകയില്ല. അങ്ങനെ അപ്രതീക്ഷിതമായി പിശാച് അവനെ കെണിയിൽ പെടുത്തും. അതോടെ തന്റെ രക്ഷിതാവിനെ വിശ്വാസി കയ്യൊഴിക്കുമെന്ന് പിശാച് കരുതുകയും ചെയ്യും. ആ സംഭവം അവനെ ആകെ തകർത്തുകളയുമെന്നും അവൻ കണക്കുകൂട്ടും. എന്നാൽ അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും വിട്ടുവീഴ്ചയും പൊറുത്തുകൊടുക്കലും എല്ലാം അതിനും അപ്പുറമാണ്.

അല്ലാഹു തന്റെ അടിമക്ക് നന്മ ഉദ്ദേശിക്കുകയാണെങ്കിൽ പശ്ചാത്താപത്തിന്റെയും ഖേദത്തിന്റെയും കുറ്റബോധത്തിന്റെയും വിനയത്തിന്റെയും പ്രാർഥനയുടെയും സഹായതേട്ടത്തിന്റെയും പടച്ചവനിലേക്കുള്ള സത്യസന്ധമായ അഭയം പ്രാപിക്കലിന്റെയും നിരന്തരമായ കീഴൊതുക്കത്തിന്റെയും സാധിക്കുന്നത്ര നന്മകളിലൂടെ അല്ലാഹുവിലേക്ക് പരാമാവധി അടുക്കുവാനുള്ള ശ്രമത്തിന്റെയും തുടങ്ങി നന്മയുടെ അനേകം കവാടങ്ങൾ അവന് മുന്നിൽ തുറന്നുകൊടുക്കും. എത്രത്തോളമെന്നാൽ ആ അബദ്ധം സംഭവിച്ചത് പടച്ചവന്റെ ധാരാളം അനുഗ്രഹത്തിന് കാരണമാകുവോളം അവൻ നന്മകളധികരിപ്പിക്കും. അപ്പോൾ അല്ലാഹുവിന്റെ ശത്രു നിരാശനായി ഇപ്രകാരം പറയുന്ന സ്ഥിതിവരെയുണ്ടാകും: "അയാളെ തെറ്റിൽ വീഴ്ത്താതെ വിട്ടാൽ മതിയായിരുന്നു; കഷ്ടം!"

ഇതാണ് സച്ചരിതരായ മുൻഗാമികളിൽ ചിലർ പറഞ്ഞ ഈ വചനത്തിന്റെ പൊരുൾ: "നിശ്ചയം! ചിലർ ഒരു പാപം ചെയ്യും, അതുനിമിത്തം അയാൾ സ്വർഗത്തിലെത്തും. വേറെ ചിലരാകട്ടെ, ഒരു നന്മ ചെയ്യും. അതുനിമിത്തം നരകത്തിലുമെത്തും." ശ്രോതാക്കൾ അദ്ദേഹത്തോട് ചോദിച്ചു: "അതെങ്ങനെയാണ്?" അദ്ദേഹം പറഞ്ഞു: "അതായത്, ഒരു തെറ്റ് ചെയ്തുപോയ വിശ്വാസിയെ കുറ്റബോധം നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കും. അതിനെക്കുറിച്ചോർത്ത് പേടിച്ച് കരയുകയും ഖേദിക്കുകയും ചെയ്യും. പടച്ചവന്റെ മുന്നിൽ പാപിയായ താൻ നിൽക്കുന്നതിനെക്കുറിച്ചോർത്ത് ലജ്ജിച്ച് തലതാഴ്ത്തും. മനസ്സ് ആകെ അസ്വസ്ഥമാകും. അങ്ങനെ ആ കുറ്റം അയാളുടെ വിജയത്തിന്റെയും മോക്ഷത്തിന്റെയും നിമിത്തമായി മാറും. കുറെ നന്മകൾ ചെയ്തതിലേറെ അയാളെ സംബന്ധിച്ചിടത്തോളം ജീവിതത്തെയാകെ അടിമുടി മാറ്റിക്കൊണ്ട് ഏറ്റവും ഉപകാരപ്രദമായ നന്മയായി അത് പരിണമിക്കുകയാണ്. അതായത്, അതിനോടനുബന്ധമായി സംഭവിച്ച ഈ നല്ല കാര്യങ്ങളെല്ലാം അയാളുടെ വിജയത്തിനും മോക്ഷത്തിനും സ്വർഗപ്രവേശത്തിനും കാരണമായി കലാശിക്കും.

എന്നാൽ ചിലർ ചെയ്യുന്ന നന്മകൾ നേരെ മറിച്ചാണ്. അത് റബ്ബിനോടുകാണിച്ച വലിയ ദാക്ഷിണ്യമായി എടുത്തുപറയുകയും അതുമുഖേന അഹങ്കരിക്കുകയും താൻ കൊള്ളാവുന്നവനാണെന്ന് അയാൾക്ക് സ്വയം തോന്നുകയും അതിൽ നിഗളിക്കുകയും അത് വലുതായി കാണുകയും ഞാനിതൊക്കെ ചെയ്തു എന്ന് പാടിപ്പറഞ്ഞ് നടക്കുകയും ഒക്കെയാകുമ്പോൾ അത് അയാളിൽ ഇട്ടുപോകുന്നത് അഹങ്കാരവും ദുരഭിമാനവും താനെന്ന ഭാവവുമൊക്കെയായിരിക്കും. അഥവാ അയാളെ നശിപ്പിക്കാൻ കാരണമായിത്തീരുന്ന കുറെ ദുർഗുണങ്ങൾ.

> **അല്ലാഹു തന്റെ അടിമക്ക് നന്മ ഉദ്ദേശിക്കുകയാണെങ്കിൽ പശ്ചാത്താപത്തിന്റെയും ഖേദത്തിന്റെയും കുറ്റബോധത്തിന്റെയും വിനയത്തിന്റെയും പ്രാർഥനയുടെയും സഹായതേട്ടത്തിന്റെയും പടച്ചവനിലേക്കുള്ള സത്യസന്ധമായ അഭയം പ്രാപിക്കലിന്റെയും നിരന്തരമായ കീഴൊതുക്കത്തിന്റെയും സാധിക്കുന്നത്ര നന്മകളിലൂടെ അല്ലാഹുവിലേക്ക് പരാമാവധി അടുക്കുവാനുള്ള ശ്രമത്തിന്റെയും തുടങ്ങി നന്മയുടെ അനേകം കവാടങ്ങൾ അവന് മുന്നിൽ തുറന്നുകൊടുക്കും.**


ഈ സാധുവായ മനുഷ്യന് അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അയാളിൽ വിനയവും എളിമത്വവും തന്റെ നിസ്സഹായതയും ഒക്കെ ബോധ്യപ്പെടുത്താവുന്ന കാര്യങ്ങൾകൊണ്ട് അവനെ അല്ലാഹു പരീക്ഷിക്കും. ഇനി അതല്ല അല്ലാഹു അയാൾക്ക് ഉദ്ദേശിച്ചതെങ്കിൽ അയാളുടെ അഹന്തയും അഹങ്കാരവുമായി അല്ലാഹു അയാളെ വിട്ടുകളയും. അതാണ് അയാളുടെ നാശം ഉറപ്പാക്കുന്ന കൊടും നിന്ദ്യത! (അല്ലാഹു കാക്കട്ടെ!)

അറിവുള്ളവരൊക്കെ ഐകകണ്ഠേന സമ്മതിക്കുന്ന സംഗതിയാണ്; നിശ്ചയം 'തൗഫീക്' എന്നു പറഞ്ഞാൽ അല്ലാഹു നിന്നെ നിന്നിലേക്കുതന്നെ ഏൽപിക്കാതിരിക്കലാണ്. നിന്ദ്യതയെന്നതാകട്ടെ, അല്ലാഹു നിന്നെ നിന്നിലേക്കുതന്നെ ഏൽപിക്കലാണ് എന്നത്. (തുടരും)

കവർ സ്റ്റോറി

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

# റമദാൻ: ആത്മീയതയുടെ വസന്തകാലം



**സത്യവിശ്വാസികളുടെ മനസ്സിൽ ആനന്ദത്തിന്റെ വേലിയേറ്റം സൃഷ്ടിക്കുന്ന റമദാൻ സമാഗതമാവുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ വേലികെട്ടിയ രണ്ടാമത്തെ റമദാനാണിത്. പരിമിതികൾ ഉൾക്കൊണ്ട് എങ്ങനെ ആത്മീയതയുടെ വസന്തകാലം തീർക്കാമെന്നാണ് നാം പര്യാലോചിക്കേണ്ടത്.**

കോവിഡ് എന്ന മഹാമാരി പൂർണമായിട്ടും വിട്ടുമാറിയിട്ടില്ലാത്ത വേളയിലാണ് ഒരു റമദാൻകൂടി നമ്മിലേക്ക് ആഗതമാകുന്നത്. ലോക്ഡൗണിൽപെട്ട് പള്ളികൾ അടഞ്ഞുകിടന്ന, വീടുകളിൽ മാത്രം ആരാധനകളുമായി കഴിഞ്ഞുകൂടിയ റമദാനായിരുന്നു കഴിഞ്ഞ വർഷത്തേത്. ഇക്കുറി അതിൽനിന്ന് അൽപം ആശ്വാസമുണ്ട് എന്ന് സമാധാനിക്കാം.

വിശ്വാസികളുടെ മനസ്സിൽ ആനന്ദത്തിരമാലകൾ തീർത്തുകൊണ്ടാണ് ഓരോ വർഷവും റമദാൻ കടന്നുവരുന്നത്. വിശ്വാസികളുടെ ഹൃദയം പ്രപഞ്ചസ്രഷ്ടാവി

ലേക്ക് കൂടുതൽ അടുക്കുന്ന അനിർവചനീയമായ അനുഭവത്തിന്റെ രാപ്പകലുകളാണ് റമദാനിലേത്. മാനവർക്ക് മാർഗദീപമായ ക്വുർആനിന്റെ പ്രഭയാൽ ആത്മീയതയുടെ ഉന്നതങ്ങളിലേക്ക് വിശ്വാസികൾ കയറിപ്പോകുന്ന പുണ്യമാസമാണത്. ആരാധനകളുടെ ആത്മാവ് തൊട്ടറിയുന്ന ദീർഘമായ നമസ്കാരം സംഘടിപ്പിക്കപ്പെടുന്ന എണ്ണംപറഞ്ഞ ദിനരാത്രങ്ങൾ! അതെ, റമദാൻ വിശ്വാസികൾക്ക് സ്വർഗപ്രവേശനത്തിന് അല്ലാഹു നൽകുന്ന അവസരമാണ്. അത് ഉപയോഗപ്പെടുത്തിയവർ ഭാഗ്യവാൻമാർ. അതിന്റെ നന്മകളിൽനിന്ന് വിദൂരമക്കപ്പെട്ടവർ ഹതഭാഗ്യർ.

റമദാൻ വരുമ്പോൾ നമ്മൾ അറിയേണ്ട ചില കാര്യങ്ങളുണ്ട്. ഒരുക്കേണ്ട ചില ഒരുക്കങ്ങളുണ്ട്. തീരുമാനിക്കേണ്ട ചില തീരുമാനങ്ങളുണ്ട്. റമദാനിന്റെയും നോമ്പിന്റെയും മഹത്ത്വവും നോമ്പിന്റെ കർമശാസ്ത്രവും അനിവാര്യമായും അറിയണം. മനുഷ്യർക്ക് മാർഗദർശനം നൽകാനായി അല്ലാഹു പ്രവാചകന്മാരിലൂടെ അവതരിപ്പിച്ചതാണ് വേദഗ്രന്ഥങ്ങൾ. അപ്രകാരം അവൻ അവതരിപ്പിച്ച വേദഗ്രന്ഥങ്ങളുടെയെല്ലാം അവതരണം നടന്നത് റമദാനിലായിരുന്നു എന്ന് ഹദീസുകളിൽ കാണാം. അന്തിമ വേദഗ്രന്ഥമായ ക്വുർആനിന്റെ അവതരണവും റമദാനിലാണ് സംഭവിച്ചത്. അത് ശഅ്ബാൻ പതിനഞ്ചിനാണ് എന്ന, ചിലരുടെ വാദം തീർത്തും പ്രമാണവിരുദ്ധമാണ്.

"ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധക്വുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്. ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ ആ എണ്ണം പൂർത്തിയാക്കുവാനും നിങ്ങൾക്ക് നേർവഴി കാണിച്ചുതന്നിന്റെ പേരിൽ അല്ലാഹുവിന്റെ മഹത്ത്വം നിങ്ങൾ പ്രകീർത്തിക്കുവാനും നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാനും വേണ്ടിയത്രെ (ഇങ്ങനെ കൽപിച്ചിട്ടുള്ളത്) (ക്വുർആൻ 2:185).

റമദാൻ ആഗതമായാൽ പ്രകൃതിയിൽതന്നെ ചില മാറ്റങ്ങൾ അല്ലാഹു വരുത്തുന്നുണ്ട്. സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു. നരകകവാടങ്ങൾ അടക്കപ്പെടുന്നു. പിശാചുക്കളിലെ മല്ലന്മാർ തടഞ്ഞുവെക്കപ്പെടുന്നു. നന്മകൾ വർധിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

'നന്മകൾ കൊതിക്കുന്നവരേ മുന്നോട്ടുവരൂ, തിന്മകൾ ആഗ്രഹിക്കുന്നവരേ തിന്മകൾ വർജിക്കൂ' എന്ന് എല്ലാ ദിനത്തിലും ആകാശത്തിൽനിന്ന് വിളിച്ചുപറയുന്നുണ്ട്. ഇത് റമദാനിൽ മാത്രം സംഭവിക്കുന്ന ഒന്നാണ്. റമദാനിന്റെ എല്ലാ രാവുകളിലും ഒരു സംഘം ആളുകൾക്ക് നരകത്തിൽനിന്നും മോചനം നൽകി അവരെ സ്വർഗത്തിന്റെ ഉടമകളാക്കി മാറ്റുന്ന പ്രക്രിയ നടക്കുന്നുണ്ട്.

റമദാനിനെക്കുറിച്ച് 'ശഹ്റുൻ മുബാറകുൻ' എന്നാണ് നബിതിരുമേനിﷺ വിശേഷിപ്പിച്ചിട്ടുള്ളത്. അഥവാ ബറകത്ത് ഉള്ള (അനുഗൃഹീതമായ) മാസം എന്ന്. അതിലെ ഓരോ നിമിഷവും പുണ്യം നിറഞ്ഞതാണ്. നന്മകൾക്ക് പറ്റിയ അന്തരീക്ഷം. ആയിരം മാസത്തെക്കാൾ പുണ്യം നേടാവുന്ന ലൈലതുൽ ക്വദ്ർ ഈ മാസത്തിലാണ്. അന്ന് വാനലോകത്തുനിന്ന് ജിബ്രീലും അല്ലാഹു ഉദ്ദേശിക്കുന്ന മലക്കുകളും ഇറങ്ങിവരുന്നു. വർഷത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന സുവർണാവസരം.

**"വിശ്വാസികളുടെ മനസ്സിൽ ആനന്ദത്തിരമാലകൾ തീർത്തുകൊണ്ടാണ് ഓരോ വർഷവും റമദാൻ കടന്നുവരുന്നത്. വിശ്വാസികളുടെ ഹൃദയം പ്രപഞ്ചസ്രഷ്ടാവിലേക്ക് കൂടുതൽ അടുക്കുന്ന അനിർവചനീയമായ അനുഭവത്തിന്റെ രാപ്പകലുകളാണ് റമദാനിലേത്. മാനവർക്ക് മാർഗദീപമായ ക്വുർആനിന്റെ പ്രഭയാൽ ആത്മീയതയുടെ ഉന്നതങ്ങളിലേക്ക് വിശ്വാസികൾ കയറിപ്പോകുന്ന പുണ്യമാസമാണത്. ആരാധനകളുടെ ആത്മാവ് തൊട്ടറിയുന്ന ദീർഘമായ നമസ്കാരം സംഘടിപ്പിക്കപ്പെടുന്ന എണ്ണംപറഞ്ഞ ദിനരാത്രങ്ങൾ! അതെ, റമദാൻ വിശ്വാസികൾക്ക് സ്വർഗപ്രവേശനത്തിന് അല്ലാഹു നൽകുന്ന അവസരമാണ്. അത് ഉപയോഗപ്പെടുത്തിയവർ ഭാഗ്യവാൻമാർ. അതിന്റെ നന്മകളിൽനിന്ന് വിദൂരമക്കപ്പെട്ടവർ ഹതഭാഗ്യർ."**

"തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ" (ക്വുർആൻ 97:1-5).

പാപമോചനത്തിന്റെ മാസമാണ് റമദാൻ. തിന്മകൾ മനസ്സിൽ തീർത്ത കറുത്തപാടുകളെ തൗബ (പശ്ചാത്താപം) കൊണ്ട് കഴുകിവൃത്തിയാക്കി ശുഭ്രവസ്ത്രം കണക്കെ ശുദ്ധിവരുത്താനുള്ള അവസരമാണത്. റമദാനിലൂടെ സഞ്ചരിച്ചിട്ടും തിന്മകൾ ബാക്കിവെക്കുന്നവർക്ക് നാശമുണ്ടെന്ന പ്രവാചകവചനം നാം ഏറെ ശ്രദ്ധിക്കേണ്ട ഒന്നാണ്. മനസ്സുരുകി, നേത്രങ്ങളെ നനച്ച്, ഹൃദയത്തെ ലോലമാക്കി റബ്ബിലേക്ക് നാം നീട്ടുന്ന കരങ്ങളെ അവൻ ഒരിക്കലും പരിഗണിക്കാതിരിക്കില്ല. കാരണം പശ്ചാത്തപിക്കുന്നവരെയാണ് അവന് ഏറെ ഇഷ്ടം.

റമദാനിലെ ഉംറക്കും ഏറെ പ്രാധാന്യമുണ്ട്. അതിന് ഹജ്ജിന്റെ പ്രതിഫലമുണ്ടെന്ന് നബിﷺ പ്രസ്താവിച്ചതായി ഹദീസുകളിൽ വന്നിട്ടുണ്ട്. നബിﷺ തറാവീഹ് നമസ്കരിച്ചത് റമദാനിലാണ്. വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദാനിലെ രാത്രികളിൽ നമസ്കരിക്കുന്നവർക്ക് പാപങ്ങൾ പൊറുക്കപ്പെടും എന്ന സന്തോഷവാർത്ത നബിﷺ നൽകിയിട്ടുണ്ട്.

തറാവീഹിന്റെ റക്അത്തുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ വിവാദങ്ങൾക്ക് പ്രസക്തിയേയില്ല. നബിﷺ എത്ര നമസ്കരിച്ചു എന്ന് വ്യക്തമായിരിക്കെ നാം പിന്നെ എന്തിന് തർക്കിക്കണം? അവിടുത്തെ പത്നി ആഇശ ؓ പറഞ്ഞ കാര്യം ഏറെ പ്രസിദ്ധമാണ്. 'നബിﷺ റമദാനിലോ അല്ലാത്തപ്പോഴോ രാത്രി പതിനൊന്നിൽ കൂടുതൽ നമസ്കരിച്ചിരുന്നില്ല' എന്നതാണത്. ഇമാം ബുഖാരി തറാവീഹിന്റെ അധ്യായത്തിലാണ് ഇത് ഉദ്ധരിക്കുന്നത് എന്നതുതന്നെ ഈ വിഷയത്തിലെ വിവാദങ്ങൾക്ക് വിരാമം കുറിക്കാൻ മതിയായതാണ്.

റമദാനിലെ അവസാനത്തെ പത്തിലാണ് നബിﷺ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നത്. ഏറെ പുണ്യമുള്ള ആരാധനയാണ് ഇഅ്തികാഫ്. റബ്ബിലേക്ക് ഒഴിഞ്ഞിരിക്കുന്ന പ്രസ്തുത ആരാധന ക്വബ്റിന്റെ ഏകാന്തതയെ അനുസ്മരിപ്പിക്കുന്നതാണ്!

റമദാനിലെ എല്ലാ രാവുകളിലും പ്രവാചകന്റെ അടുക്കൽ ജിബ്രീൽ വന്നിരുന്നു. അതുവരെ അവതരിപ്പിക്കപ്പെട്ട ക്വുർആനിന്റെ ഭാഗങ്ങൾ മുഴുവനായി ഓതിക്കേൾക്കാനായിരുന്നു ആ വരവ്. എണ്ണപ്പെട്ട ദിനങ്ങൾ എന്നാണ് റമദാനിനെക്കുറിച്ച് അല്ലാഹു പറയുന്നത്. അഥവാ കുറഞ്ഞസമയം മാത്രം. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ കർമങ്ങൾ ചെയ്യുന്നവർ ആര് എന്നതാണ് റമദാനിലെ ഒരു പരീക്ഷണം.

റമദാനിലെ സുപ്രധാന ആരാധനയാണ് വ്രതം. ന്യായമായ ഒഴിവുകഴിവുകളില്ലാത്തവരെല്ലാം വ്രതമനുഷ്ഠിക്കണം. വ്രതം എന്ന ആരാധനാരീതി മുൻസമൂഹങ്ങളിലുമുണ്ടായിരുന്നു. മാസപ്പിറവി ദർശിക്കുന്നതിലൂടെയാണ് റമദാൻ മാസത്തിലേക്ക് നാം പ്രവേശിക്കുന്നത്. മാസത്തിന്റെ ആരംഭം ചന്ദ്രദർശനം പരിഗണിച്ചുതന്നെയാവണം. ഈ രംഗത്തെ, ചിലരുടെ നൂതനവാദങ്ങൾ പ്രമാണവിരുദ്ധവും അപ്രായോഗികവുമാണ് എന്ന കാര്യത്തിൽ സംശയമില്ല.

സ്വർഗമാണ് വ്രതത്തിന്റെ പ്രതിഫലം. 'വ്രതം എനിക്കുള്ളതാണ്; ഞാൻ അതിന് കൂലി നൽകും' എന്ന, അല്ലാഹുവിന്റെ വാക്ക് ഈ ആരാധനയുടെ മഹത്ത്വം ഉദ്ഘോഷിക്കുന്നതാണ്. നരകത്തിൽനിന്നുള്ള പരിചയാണ് യഥാർഥത്തിൽ നോമ്പിലൂടെ നാം നേടുന്നത്. പരലോകയാത്രയിൽ നാം കൂടെ കരുതേണ്ട തക്വ്‌വ എന്ന യാത്രാഭക്ഷണം ഒരുക്കി തയ്യാറാക്കുന്ന കർമമാണ് വ്രതം. ഭക്ഷണ പാനീയങ്ങൾ തൊട്ടുമുന്നിൽ ഉണ്ടായിട്ടും അതിൽനിന്ന് ഒന്നും തൊണ്ടക്കുഴിയിലേക്ക് ഇറക്കാതെ നാം കാണിക്കുന്ന സൂക്ഷ്മതയുടെ പേരാണ് തക്വ്‌വ എന്നത്. വുദൂഅ് ചെയ്യുമ്പോൾ വെള്ളം വായിലെത്തിയിട്ടും ഒരു തുള്ളിപോലും കീഴ്പോട്ട് ഇറങ്ങാതിരിക്കാൻ നാം കാണികുന്ന ജാഗ്രതയുടെ തുടർച്ചയാണ് ജീവിതത്തിലുടനീളം നാം തുടർത്തേണ്ടത്.

ദേഹേച്ഛകളിൽനിന്നുള്ള മോചനമാണ് വ്രതത്തിലൂടെ വിശ്വാസി നേടുന്നത്. വിവാഹം കഴിക്കാനുള്ള സാഹചര്യം ഒത്തുവരാത്തവരോട് വ്രതമനുഷ്ഠിക്കാൻ മതം പറഞ്ഞത് ഈ അർഥത്തിലാണ്. 'റയ്യാൻ' എന്ന സ്വർഗകവാടമാണ് വ്രതമനുഷ്ഠിച്ചവർക്കായി അല്ലാഹു ഒരുക്കിയിരിക്കുന്നത്.

സഹ്‌ലുബ്നു സഅ്ദ് ؓ നിവേദനം; നബിﷺ അരുളി: "റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗത്തിലുണ്ട്. അത് നോമ്പുകാർക്കുള്ളതാണ്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. നോമ്പുകാരല്ലാതെ അവരോടൊപ്പം (അതിലൂടെ) ആരും

പ്രവേശിക്കുന്നതല്ല. (ആ കവാടത്തിന്റെയടുത്ത് നിന്നും) ഇപ്രകാരം വിളിച്ചുപറയപ്പെടും: 'എവിടെ നോമ്പുകാർ?' അങ്ങനെ അവർ മാത്രം പ്രവേശിക്കും. അവർ പ്രവേശിച്ചു കഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല"(ബുഖാരി, മുസ്‌ലിം).

വ്രതം പരലോകത്ത് ശുപാർശകനായി എത്തും എന്ന് നബിﷺ സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്.

നോമ്പുകാരന് ലഭിക്കുന്ന രണ്ടു സന്തോഷങ്ങൾ തുല്യതയില്ലാത്തതാണ്. വ്രതമവസാനിപ്പിക്കുമ്പോൾ ഒരു മഹാകർമം പൂർത്തീകരിച്ച ആനന്ദം മനസ്സിനും ഭക്ഷണപാനീയങ്ങൾ ആഹരിക്കുന്നതിലൂടെ ലഭിക്കുന്ന ഉൻമേഷം ശരീരത്തിനും ലഭിക്കുന്നു. അതിനു പുറമെ നോമ്പുകാരനായി റബ്ബിന്റെയടുക്കൽ എത്തുമ്പോൾ അവന്റെ സ്വീകരണം വേറെയും!

ആത്മാവുള്ള വ്രതത്തിനേ പ്രതിഫലമുണ്ടാവൂ. നിയ്യത്ത് പ്രധാനംതന്നെയാണ്. അത് നാവുകൊണ്ട് ചൊല്ലിപ്പറയേണ്ടതില്ല. തെറ്റായ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാത്തവന്റെ വ്രതം വെറും പട്ടിണിയാണ്. നാവിനെ നിയന്ത്രിച്ചില്ലെങ്കിൽ വ്രതം വേഗത്തിൽ നിഷ്ഫലമാകും. അനാവശ്യമായ തർക്കങ്ങളും ശണ്ഠകളും നോമ്പിന്റ ആത്മാവിന് പരിക്കേൽപിക്കും. അതിനാൽ അറിഞ്ഞും ശ്രദ്ധിച്ചും വേണം നോമ്പിനെ മുന്നോട്ടു നയിക്കാൻ.

റമദാനിൽ നമുക്ക് നേടാവുന്ന പുണ്യങ്ങൾ നിരവധിയാണ്. ആ പുണ്യങ്ങൾ നേടാനുള്ള തീരുമാനങ്ങളും ക്രമീകരണങ്ങളുമാണ് ഈ അവസരത്തിൽ നമുക്ക് ഉണ്ടാകേണ്ടത്. ചില സുപ്രധാന കാര്യങ്ങൾ താഴെ കൊടുക്കുന്നു:

1) മതപരമായ കാരണമില്ലാതെ ജമാഅത്ത് നമസ്‌കാരം ഒന്നും നഷ്ടപ്പെടുത്തില്ല എന്ന് പുരുഷന്മാർ ഉറപ്പുവരുത്തുക.

2) ഏറ്റവും ചുരുങ്ങിയത് ഒരുതവണയെങ്കിലും ക്വുർആൻ ഓതിത്തീർക്കാനുള്ള തീരുമാനം കൈക്കൊള്ളുക. ദിനേന അരമണിക്കൂർ ക്വുർആൻ ഓതിയാൽ ഒരുതവണ അനായാസേന ഓതിത്തീർക്കാവുന്നതാണ്. ഓരോ നമസ്‌കാരശേഷവും നാലുപേജ് ഓതിയാലും ഒരുമാസത്തിനുള്ളിൽ ഒരുതവണ ഓതിത്തീർക്കുവാൻ സാധിക്കും.

3) സോഷ്യൽ മീഡിയ, പത്രം, ചാനലുകൾ എന്നിവയിൽ നാം ചെലവഴിക്കുന്ന സമയം ഗണ്യമായി കുറക്കുക. അത്യാവശ്യ കാര്യങ്ങൾ മാത്രം അറിയാൻ ശ്രമിക്കുക. ആത്മീയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക.

4) റവാതിബ് നമസ്‌കാരം, ദുഹാ നമസ്‌കാരം, തഹിയ്യത്ത് നമസ്‌കാരം പോലുള്ള സുന്നത്ത് നമസ്‌കാരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക.

5) രാവിലെയും വൈകുന്നേരവുമുള്ള പ്രാർഥനകൾ പതിവായി നിർവഹിക്കുക.

6) തറാവീഹ് നമസ്‌കാരം കഴിവതും ജമാഅത്തായി നിർവഹിക്കാൻ ശ്രമിക്കുക.

7) സകാത്ത് കൊടുക്കാനുണ്ടെങ്കിൽ റമദാനിന്റെ ആദ്യനാളുകളിൽതന്നെ നൽകി ഉത്തരവാദിത്തം നിർവഹിക്കുവാൻ ശ്രദ്ധിക്കുക.

8) ആദ്യനാളുകളിലെ ആവേശം അവസാനംവരെ കാത്തുസൂക്ഷിക്കുക.

9) പ്രാർഥനക്ക് ഉത്തരം കിട്ടുന്ന സമയങ്ങൾ ഏതൊക്കെയെന്നു പഠിച്ചറിഞ്ഞ് പ്രാർഥിക്കാൻ ശ്രമിക്കുക.

10) ദാനധർമങ്ങൾ ധാരാളമായി നിർവഹിക്കുക.

11) ദിക്‌റുകൾ വർധിപ്പിക്കുക.

12) അനാവശ്യകാര്യങ്ങളിൽ സമയം പാഴാക്കാതിരിക്കുക.

13) ഉറക്കം അധികരിപ്പിക്കാതിരിക്കുക.

14) വലിയ പർച്ചേസ് ഉണ്ടെങ്കിൽ റമദാനിനു മുമ്പ് നടത്തുക.

15) ഇത് എന്റെ അവസാനത്തെ നോമ്പാകാം എന്ന ചിന്തയിൽ ആരാധനകൾ നിർവഹിക്കുക.

16) നോമ്പ് തുറപ്പിക്കുന്നതിലെ പുണ്യം ഗ്രഹിച്ച് അത് നേടാൻ പരിശ്രമിക്കുക.

17) പള്ളിയിൽ കൂടുതൽ സമയം ചെലവഴിക്കുക

18) അവസാനത്തെ പത്തിൽ ഇഅ്തികാഫിന് കഴിയുന്നവർ അത് ചെയ്യുക. ചുരുങ്ങിയത് ഒരു രാത്രിയെങ്കിലും ഇഅ്തികാഫിന് പരിശ്രമിക്കുക

19) ഒറ്റക്കിരുന്ന് റബ്ബിനോട് തന്നിൽ സംഭവിച്ചുപോയ തിന്മകൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ചുമടങ്ങുവാൻ സമയം കണ്ടെത്തുക.

20) ആരോഗ്യത്തോടെ റമദാൻ പൂർത്തീകരിക്കാനും ആരാധനകൾ സ്വീകരിക്കപ്പെടാനും ആത്മാർഥമായി പ്രാർഥിക്കുക.



ലേഖനം

ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

8

ഇസ്‌ലാമിക അനന്തരാവകാശം

# ഔൽ മസ്അലയും വിമർശകരും

### ഔൽ സംഭവിക്കുന്ന അടിസ്ഥാന ഓഹരികളും അവയുടെ അവസ്ഥകളും:

ഇസ്‌ലാമിക അനന്തരാവകാശ നിയമത്തിൽ 2,3,4,6,8,12,24 എന്നീ സംഖ്യകളാണ് പണ്ഡിതൻമാർ ഏകോപിച്ച അടിസ്ഥാനോഹരികളായി പരിഗണിക്കപ്പെടുന്നത് എന്ന് നാം മുമ്പ് മനസ്സിലാക്കി. അവയിൽ നിന്നും 6,12,24 എന്നീ മൂന്ന് ഓഹരികളിൽ മാത്രമാണ് ഔൽ സംഭവിക്കുക എന്ന് ആദ്യമെ നാം അറിഞ്ഞിരിക്കണം. അവയിൽ ഓരോന്നിന്നും വ്യത്യസ്ത അവസ്ഥകൾ ഉണ്ട്. അവ ഓരോന്നും ഉദാഹരണ സഹിതം നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

## അടിസ്ഥാന ഓഹരിയായ 6ൽ സംഭവിക്കുന്ന ഔലുകൾ

നാല് ഔലുകളാണ് അടിസ്ഥാന ഓഹരിയായ 6ൽ സംഭവിക്കുന്നത്.

1. ആറിൽനിന്നും ഏഴിലേക്കുള്ള ഔൽ.
2. ആറിൽനിന്നും എട്ടിലേക്കുള്ള ഔൽ.
3. ആറിൽനിന്നും ഒമ്പതിലേക്കുള്ള ഔൽ.
4. ആറിൽനിന്നും പത്തിലേക്കുള്ള ഔൽ.

ഇവ ഓരോന്നും ഓരോ ഉദാഹരണങ്ങൾ സഹിതം മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. അടിസ്ഥാന ഓഹരിയായ ആറിൽനിന്നും ഏഴിലേക്കുള്ള ഔൽ

പരേതക്ക് അവകാശികളായുള്ളത് ഭർത്താവും മാതാവും പിതാവുമൊത്ത ഒരു സഹോദരിയും മാതാവൊത്ത ഒരു സഹോദരിയുമാണെന്ന് കരുതുക. ഭർത്താവിന്റെ നിശ്ചിതോഹരി പകുതി, മാതാവും പിതാവുമൊത്ത ഒരു സഹോദരിയുടെ നിശ്ചിതോഹരി പകുതി, മാതാവൊത്ത ഒരു സഹോദരിയുടെ നിശ്ചിതോഹരി ആറിൽഒന്ന് എന്നിങ്ങനെയാണല്ലൊ. അതുകാരണത്താൽ ക്രിയയുടെ അടിസ്ഥാന ഓഹരിയായി ആറ് പരിഗണിക്കപ്പെടും. എന്നാൽ അവകാശികളുടെ വ്യക്തി ഓഹരികളുടെ തുക നോക്കൂ: 3+3+1=7. അതിനാൽ ക്രിയയുടെ അടിസ്ഥന ഓഹരിയായി ഏഴ് (ഔൽ) പരിഗണിക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 | ഔൽ 7 |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3 |
| മാതാവും പിതാവുമൊത്ത സഹോദരി | ½ | 3 | 3 |
| മാതാവൊത്ത സഹോദരി | ⅙ | 1 | 1 |

### 2. അടിസ്ഥാന ഓഹരിയായ ആറിൽനിന്നും എട്ടിലേക്കുള്ള ഔൽ

പരേതക്ക് മേൽ ഉദാഹരണത്തിൽ സൂചിപ്പിക്കപ്പെട്ട അവകാശികൾക്ക് പുറമെ മാതാവ്കൂടി അവകാശിയായി ജീവിച്ചിരിക്കുന്ന അവസ്ഥ ഉണ്ടാകുക. അപ്പോൾ മാതാവിന്റെ നിശ്ചിതോഹരിയായ ആറിൽ ഒന്നുകൂടി വ്യക്തി ഓഹരികളിൽ വർധിക്കും. അങ്ങനെവരുമ്പോൾ ഭർത്താവിന്റെ നിശ്ചിതോഹരി പകുതി, മാതാവും പിതാവുമൊത്ത ഒരു സഹോദരിയുടെ നിശ്ചിതോഹരി പകുതി, മാതാവൊത്ത ഒരു സഹോദരിയുടെ നിശ്ചിതോഹരി ആറിൽ ഒന്ന്, മാതാവിന്റെ നിശ്ചിതോഹരി ആറിൽ ഒന്ന് എന്നിങ്ങനെയും. അതിനാൽ ക്രിയയുടെ അടിസ്ഥാന ഓഹരി ആറാകുകയും ചെയ്യും. അപ്പോൾ അവകാശികളുടെ വ്യക്തി ഓഹരികളുടെ തുക: 3+3+1+1=8. ഈ 8 ക്രിയയിലെ അടിസ്ഥാന ഓഹരി (ഔൽ) ആയി പരിഗണിക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 | ഔൽ 7 |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3 |
| മാതാവും പിതാവുമൊത്ത സഹോദരി | ½ | 3 | 3 |
| മാതാവൊത്ത സഹോദരി | ⅙ | 1 | 1 |
| മാതാവ് | ⅙ | 1 | 1 |

### 3. അടിസ്ഥാന ഓഹരിയായ ആറിൽനിന്നും ഒമ്പതിലേക്കുള്ള ഔൽ

പരേതക്ക് മേൽ ഉദാഹരണത്തിൽ സൂചിപ്പിക്കപ്പെട്ട അവകാശികളിൽ മാതാവും പിതാവുമൊത്ത ഒരു സഹോദരി എന്നതിനു പകരം ഒന്നിൽകൂടുതൽ സഹോദരിമാർ ഉണ്ടാകുക. അപ്പോൾ അവരുടെ നിശ്ചിതോഹരി മൂന്നിൽരണ്ടായി മാറും. അങ്ങനെവരുമ്പോൾ ഭർത്താവിന്റെ നിശ്ചിതോഹരി പകുതി, മാതാവും പിതാവുമൊത്ത സഹോദരിമാരുടെ നിശ്ചിതോഹരി മൂന്നിൽ രണ്ട്, മാതാവൊത്ത ഒരു സഹോദരിയുടെ നിശ്ചിതോഹരി ആറിൽ ഒന്ന്, മാതാവിന്റെ നിശ്ചിതോഹരി ആറിൽ ഒന്ന് എന്നിങ്ങനെ ആകും. അതിന്റെ അടിസ്ഥാനത്തിൽ ക്രിയയുടെ അടിസ്ഥാന ഓഹരി ആറായി മാറും. അവകാശികളുടെ വ്യക്തി ഓഹരികളുടെ തുക: 3+4+1+1=9. അതിനാൽ ഈ ക്രിയയിലെ അടിസ്ഥാന ഓഹരി 9 (ഔൽ) ആയി പരിഗണിക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 6 | ഔൽ 9 |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3 |
| മാതാവും പിതാവുമൊത്ത സഹോദരികൾ 2+ | ⅔ | 4 | 4 |
| മാതാവൊത്ത സഹോദരി | ⅙ | 1 | 1 |
| മാതാവ് | ⅙ | 1 | 1 |

### 4. അടിസ്ഥാന ഓഹരിയായ ആറിൽനിന്നും പത്തിലേക്കുള്ള ഔൽ

തൊട്ട് മേലെയുള്ള ഉദാഹരണം തന്നെ എടുക്കുക. അതിൽ മാതാവൊത്ത ഒരു സഹോദരിക്ക് പകരം മാതാവൊത്ത ഒന്നിൽകൂടുതൽ സഹോദരിമാരോ സഹോദരന്മാരോ ആണ് അവകാശികളായുള്ളതെങ്കിൽ അവരുടെ നിശ്ചിതോഹരി മൂന്നിൽ ഒന്നായിമാറും. അങ്ങനെവരുമ്പോൾ ഭർത്താവിന്റെ നിശ്ചിതോഹരി പകുതി, മാതാവും പിതാവുമൊത്ത സഹോദരിമാരുടെ നിശ്ചിതോഹരി മൂന്നിൽ രണ്ട്, മാതാവൊത്ത സഹോദരങ്ങളുടെ നിശ്ചിതോഹരി മൂന്നിൽ ഒന്ന്, മാതാവിന്റെ നിശ്ചിതോഹരി ആറിൽ ഒന്ന് എന്നിങ്ങനെ ആകും. അതിന്റെ അടിസ്ഥാനത്തിൽ ക്രിയയുടെ അടിസ്ഥാന ഓഹരി ആറായി തീരും. അവകാശികളുടെ വ്യക്തി ഓഹരികളുടെ തുക: 3+4+2+1=10. അതിനാൽ ഈ ക്രിയയിലെ അടിസ്ഥാന ഓഹരിയായി 10 (ഔൽ) പരിഗണിക്കപ്പെടുകയാണ് ചെയ്യുക.

| അവകാശികൾ | അവകാശം | ഓഹരി 6 | ഔൽ 10 |
|---|---|---|---|
| ഭർത്താവ് | ½ | 3 | 3 |
| മാതാവും പിതാവുമൊത്ത സഹോദരികൾ 2+ | ⅔ | 4 | 4 |
| മാതാവൊത്ത സഹോദരികൾ | ⅓ | 2 | 2 |
| മാതാവ് | ⅙ | 1 | 1 |

### ക്രിയയുടെ അടിസ്ഥാന ഓഹരിയായ 12ൽ കടന്നുവരുന്ന ഔലുകൾ

ക്രിയയുടെ അടിസ്ഥാന ഓഹരിയായ 12ന് മൂന്ന് ഔലുകളാണുള്ളത്. 13,15,17 എന്നിവയിലേക്കാണ് 12ൽനിന്നും ഔൽ സംഭവിക്കാറുള്ളത്. മേൽ സൂചിപ്പിച്ചത് പോലെ ഇവകൾക്കും ഓരോ ഉദാഹരണം നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം:

### 1. ക്രിയയുടെ അടിസ്ഥാന ഓഹരിയായ 12ൽനിന്നും 13ലേക്ക് ഔൽ

ഒരു സ്ത്രീ മരണപ്പെട്ടു. അവർക്ക് അനന്തരാവകാശികളായുള്ളത് ഭർത്താവ്, മകൾ, മകന്റെ മകൾ, മാതാവ് എന്നിവരാണ്. ഭർത്താവിനുള്ള അവകാശം സ്വത്തിന്റെ നാലിൽ ഒന്ന്. മകൾക്കുള്ള അവകാശം പകുതി, മകന്റെ മകൾക്ക് ആറിലൊന്ന്, മാതാവിന്റെ അവകാശം ആറിൽ ഒന്ന്. ക്രിയയുടെ അടിസ്ഥാന ഓഹരി 12 ആയി കണക്കാക്കാം. അങ്ങനെവരുമ്പോൾ 12ന്റെ നാലിലൊന്ന് മൂന്ന് ഭർത്താവിനും, 12ന്റെ പകുതി ആറ് മകൾക്കും. മകന്റെ മകൾക്ക് 12ന്റെ ആറിലൊന്നും മാതാവിന് 12ന്റെ ആറിലൊന്നും വിഹിതവുമാണ് നൽകേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ വ്യക്തി ഓഹരികളുടെ തുക 3+6+2+2=13, ഈ 13നെ അടിസ്ഥാന ഓഹരിയായി പരിഗണിച്ച് ഓഹരിവെക്കുകയാണ് ചെയ്യുക.

| അവകാശികൾ | അവകാശം | ഓഹരി 12 | ഔൽ 13 |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 3 |
| മകൾ | ½ | 6 | 6 |
| മകന്റെ മകൾ | ⅙ | 2 | 2 |
| മാതാവ് | ⅙ | 2 | 2 |

### 2. ക്രിയയുടെ അടിസ്ഥാന ഓഹരിയായ 12ൽനിന്നും 15ലേക്ക് ഔൽ

മേൽ സൂചിപ്പിച്ച ഉദാഹരണത്തിൽ പരേതക്കുള്ള അനന്തരാവകാശികളിൽ പിതാവ് കൂടിയുണ്ടങ്കിൽ അദ്ദേഹവും 12ന്റെ ആറിലൊന്നിന് അവകാശിയാണ്. അതിന്റെ അടിസ്ഥാനത്തിൽ വ്യക്തി ഓഹരിയിൽ 2 ഓഹരി കൂടി വർധിക്കും. വ്യക്തി ഓഹരികളുടെ തുക 15 ആകുകയും അതിനെ അടിസ്ഥാന ഓഹരിയായി പരിഗണിക്കപ്പെടുകയും ചെയ്യും.

| അവകാശികൾ | അവകാശം | ഓഹരി 12 | ഔൽ 15 |
|---|---|---|---|
| ഭർത്താവ് | ¼ | 3 | 3 |
| മകൾ | ½ | 6 | 6 |
| മകന്റെ മകൾ | ⅙ | 2 | 2 |
| മാതാവ് | ⅙ | 2 | 2 |
| പിതാവ് | ⅙ | 2 | 2 |

### 3. ക്രിയയുടെ അടിസ്ഥാന ഓഹരിയായ 12ൽനിന്നും 17ലേക്ക് ഔൽ

ഒരാൾക്ക് അനന്തരവകാശികളായുള്ളത് ഭാര്യ, മാതാവ്, മാതാവൊത്ത 2 സഹോദരന്മാർ, മാതാവും പിതാവുമൊത്ത രണ്ട്സഹോദരിമാർ എന്നിവരാണെന്ന് കരുതുക. ഭാര്യക്ക് സ്വത്തിന്റെ നാലിൽ ഒന്ന്, മാതാവിന് സ്വത്തിന്റെ ആറിൽ ഒന്ന്, മാതാവൊത്ത സഹോദരന്മാർക്ക് സ്വത്തിന്റെ മൂന്നിൽ ഒന്ന്, മാതാവും പിതാവുമൊത്ത സഹോദരിമാർക്ക് സ്വത്തിന്റെ മൂന്നിൽരണ്ട് എന്നിങ്ങനെ അവകാശം നൽകപ്പെടും. അതിന്റെ അടിസ്ഥാനത്തിൽ ക്രിയയുടെ അടിസ്ഥാന ഓഹരി 12 ആയിരിക്കും. 12ന്റെ നാലിലൊന്ന് 3,12ന്റെ ആറിലൊന്ന് 2,12ന്റെമൂന്നിലൊന്ന് 4,12ന്റെ മൂന്നിൽരണ്ട് 8, എന്നിങ്ങനെയാകും വ്യക്തി ഓഹരികൾ. അവയുടെ ആകെതുക 3+2+4+8= 17 ആയിരിക്കും. അതിനെ

അടിസ്ഥാന ഓഹരിയായികണ്ട് പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും.

| അവകാശികൾ | അവകാശം | ഓഹരി 12 | ഔൽ 17 |
|---|---|---|---|
| ഭാര്യ | ¼ | 3 | 3 |
| മാതാവ് | ⅙ | 2 | 2 |
| മാതാവും പിതാവുമൊത്ത സഹോദരിമാർ | ⅔ | 8 | 8 |
| മാതാവൊത്ത സഹോദരങ്ങൾ | ⅓ | 4 | 4 |

ഇതാണ് 12ൽ നിന്നുണ്ടാകുന്ന ഔലുകൾ. ഇനി ഈ വിഭാഗത്തിലെ അവസാന ഇനമായ 24ന്റെ ഔലുകൂടി നമുക്ക് പരിചയപ്പെടാം. 24ന് ഒരു ഔൽ മാത്രമാണുള്ളത്. അത് 27 ആകുന്നു. ഉദാഹരണം കാണുക.

### ക്രിയയുടെ അടിസ്ഥാന ഓഹരിയായ 24ൽനിന്നും 27ലേക്ക് ഔൽ

പരേതന് അവകാശികളായുള്ളത് ഭാര്യ, മകൾ, മകന്റെ മകൾ, മാതാവ്, പിതാവ് എന്നിവരാണ്. ഭാര്യക്ക് സ്വത്തിന്റെ എട്ടിലൊന്ന് അവകാശം, മകൾക്ക് സ്വത്തിന്റെ പകുതി, മകന്റെ മകൾക്ക് സ്വത്തിന്റെ ആറിലൊന്ന്, മാതാവിന് സ്വത്തിന്റെ ആറിലൊന്ന്, പിതാവിനും സ്വത്തിന്റെ ആറിലൊന്ന് വീതമാണ് നൽകപ്പെടുക. അതിന്റെ അടിസ്ഥാനത്തിൽ ക്രിയയുടെ അടിസ്ഥാന ഓഹരി 24.

24ന്റെ എട്ടിൽ ഒന്ന് 3, 24ന്റെ പകുതി 12, 24ന്റെ ആറിലൊന്ന് 4 എന്നിങ്ങനെയാണല്ലോ. നാല് ഓഹരികൾ അവകാശമുള്ള മൂന്നാളുകൾ. മൊത്തം വ്യക്തികളുടെ ഓഹരികളുടെ തുക 3+12+4+4+4=27 എന്ന് നമുക്ക് കാണാൻ സാധിക്കും. അതിനാൽ ഈ ക്രിയയിലെ അടിസ്ഥാനഓഹരിയായി 27 പരിഗണിക്കപ്പെടും.

| അവകാശികൾ | അവകാശം | ഓഹരി 24 | ഔൽ 27 |
|---|---|---|---|
| ഭാര്യ | ⅛ | 3 | 3 |
| മകൾ | ½ | 12 | 12 |
| മകന്റെ മകൾ | ⅙ | 4 | 4 |
| മാതാവ് | ⅙ | 4 | 4 |
| പിതാവ് | ⅙ | 4 | 4 |



ഈ വിഭാഗത്തിലെ ഒരു ഉദാഹരണംകൂടി നമുക്ക് പരിചയപ്പെടാം.


പരേതന് അവകാശികളായുള്ളത് ഭാര്യ, മകന്റെ രണ്ട് പെൺമക്കൾ, പിതാമഹൻ, പിതാമഹി എന്നിവരാണെന്ന് കരുതുക. ഭാര്യക്ക് സ്വത്തിന്റെ എട്ടിൽ ഒന്ന്, മകന്റെ രണ്ട് പെണ്മക്കൾക്ക് സ്വത്തിന്റെ മൂന്നിൽ രണ്ട്, പിതാമഹന് സ്വത്തിന്റെ ആറിൽ ഒന്ന്, പിതാമഹിക്ക് സ്വത്തിന്റെ ആറിൽ ഒന്ന് എന്ന നിലക്കാണ് അവകാശമുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ക്രിയയുടെ അടിസ്ഥാന ഓഹരി 24 ആണെന്ന് മനസ്സിലാക്കാൻ സാധിക്കും. 24ന്റെ എട്ടിൽ ഒന്ന് 3, 24ന്റെ മൂന്നിൽ രണ്ട് 16,24ന്റെ ആറിൽ ഒന്ന് 4 എന്നിങ്ങനെയാണന്ന് മനസ്സിലാക്കാം. നാല് ഓഹരി അനന്തരമെടുക്കുന്ന രണ്ടാളുകൾ ഉൾപെടെ ആകെ വ്യക്തി ഓഹരികൾ 3+16+4+4=27 എന്ന് മനസ്സിലാക്കാം. അഥവാ ഈ ക്രിയയിലെ അടിസ്ഥാന ഓഹരിയായി പരിഗണിക്കപ്പെടുക 27 ആണെന്നർഥം.

| അവകാശികൾ | അവകാശം | ഓഹരി 24 | ഔൽ 27 |
|---|---|---|---|
| ഭാര്യ | ⅛ | 3 | 3 |
| മകന്റെ 2 പെൺമക്കൾ | ⅔ | 16 | 16 |
| പിതാമഹൻ | ⅙ | 4 | 4 |
| പിതാമഹി | ⅙ | 4 | 4 |

വിമർശകർ ഉന്നയിക്കുന്നത് പോലെയാണ് കാര്യമെങ്കിൽ അവകാശികളിൽ പലർക്കും സ്വത്ത് ലഭിക്കാതെ വരുമായിരുന്നു. എന്നാൽ അങ്ങനെയല്ല കാര്യം. അവകാശികളിൽ ഒരോരുത്തർക്കും അവരുടെ വ്യക്തിഓഹരിക്കനുസൃതമായി ചെറിയതോതിൽ ഓഹരികളിൽ കുറവ് സംഭവിച്ചു. മുഴുവൻ അവകാശികൾക്കും സ്വത്ത് ലഭിക്കുകയും ചെയ്തു. എത്രസുന്ദരമാണ് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ. അതിനാൽ ഈ പരിശുദ്ധമതത്തെഅതിന്റെ യഥാർഥ സ്രോതസ്സുകളിൽ നിന്നുതന്നെ പഠിക്കാൻ തയ്യാറാകുക. തെറ്റുധാരണകൾ തിരുത്തുക. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. (ആമീൻ)

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

17

**പോ**ലീസുകാരൻ ചോദിച്ചു: "എങ്കിൽ നിങ്ങൾക്ക് ക്രിസ്തുമതത്തിലേക്ക് പോയിക്കൂടേ? എന്നാൽ പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നോ?"

"അതു ശരി. എങ്ങോട്ടു മാറിയാലും മതംമാറ്റം മാറ്റംതന്നെയല്ലേ? ക്രിസ്തുമതത്തിലേക്ക് പോയാൽ പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല; ഇസ്‌ലാം മതത്തിലേക്ക് പോയാൽ പ്രശ്നങ്ങൾ! ഇതെന്തു ന്യായമാണ്? ക്രിസ്തുമതത്തിന്റെയും ഇസ്‌ലാം മതത്തിന്റെയും ഉറവിടം ഇന്ത്യയിലല്ല. രണ്ടും വിദേശത്തുനിന്നും വന്നതാണല്ലോ. അതിൽ ഒന്ന് സ്വീകരിക്കാം. മറ്റേത് സ്വീകരിക്കാൻ പാടില്ല. ഇത് കൊള്ളാമല്ലോ! സാറേ, ഈ വീട് അഞ്ച് വർഷത്തോളം ക്രിസ്തീയ ആരാധനയും പ്രബോധനവും നടന്നിരുന്ന പള്ളിയായിരുന്നു. വേറെ രണ്ട് ക്രിസ്ത്യൻ പള്ളിയിലും പോയി ആരാധിച്ചിട്ടുണ്ട്. ഹിന്ദുമതാചാരവും

ക്രിസ്തുമതാചാരവും രണ്ട് ഉടുപ്പുകൾ, അകത്തിരിക്കുന്നത് ഒരാൾ തന്നെ. ഹിന്ദുവിശ്വാസത്തിൽ ദൈവങ്ങളുടെ എണ്ണം കൂടുതലും ക്രിസ്തുമതത്തിൽ ദൈവങ്ങളുടെ എണ്ണം കുറവും; ഈ വ്യത്യാസമെ എനിക്ക് കാണാൻ കഴിഞ്ഞുള്ളൂ."

"അപ്പോൾ മതംമാറ്റം തന്റെയൊരു പദ്ധതിയാണല്ലേ?"

"മതംമാറ്റം ഒരു പദ്ധതിയായി സ്വീകരിച്ചിട്ടില്ല. എല്ലാ മതങ്ങളും പറയുന്നു ദൈവം ഒന്നേയുള്ളൂവെന്ന്. ഏതിലെ കടന്നുചെന്നാലും പറയുന്ന ഒരു ദൈവത്തിന്റെ സാന്നിധ്യം കാണാൻ ചെല്ലുന്നിടത്തെല്ലാം വേറെ വേറെ ദൈവങ്ങളാ പ്രത്യക്ഷപ്പെടുന്നത്. അപകടങ്ങളും വേദനകളും വരുമ്പോൾ എല്ലാവരും വിളിക്കാറില്ലേ 'എന്റെ ദൈവമേ' എന്ന്? ആ ദൈവത്തിന്റെ സന്നിധിയിലെത്താൻ വല്ല വഴിയും ഉണ്ടോ എന്നറിയാൻ ഞാൻ നീണ്ടകാലം പരിശ്രമം നടത്തിനോക്കി. വർഷങ്ങൾക്കു ശേഷമാണ് നേരായ വഴി കണ്ടെത്തിയത്."

"നിങ്ങൾ ഇസ്‌ലാം മതത്തിൽ ചെന്നതിൽ എതിർപ്പുള്ള മുസ്‌ലിംകളും ഉണ്ടല്ലോ?"

"ഇത് ആരാണ് സാറിനോട് പറഞ്ഞത്. എതിർപ്പുണ്ടെങ്കിൽ അയാൾ ഒരു യഥാർഥ മുസ്‌ലിം അല്ല. ചിലപ്പോൾ മുസ്‌ലിം പേര് കാണും എന്നുമാത്രം. സാറേ, ഇസ്‌ലാം എന്ന് പറയുന്നത് ലോകത്ത് ഇപ്പോൾ കാണുന്ന മുസ്‌ലിംകളുടെ മാത്രം കുത്തകയൊന്നുമല്ല. ലോകത്തുള്ള സർവമനുഷ്യരുടെയും ഇഹപര ക്ഷേമത്തിനുവേണ്ടി പ്രപഞ്ചനാഥൻ നൽകിയ നിത്യനിയമവ്യവസ്ഥയാണത്. ഇത് ബോധ്യപ്പെടുന്നവർ അതിന് കീഴ്പ്പെട്ട് ജീവിക്കുന്നു. ബോധ്യപ്പെടാത്തവർ തോന്നിയതു പോലെയോ പൂർവികർ പിന്തുടർന്ന് വരുന്നതിനെയോ പിൻപറ്റിയും ജീവിക്കുന്നു. നമ്മളിന്ന് ഇന്ത്യയിൽ കാണുന്ന മുസ്‌ലിംകളെല്ലാം വിദേശത്തു നിന്നും വന്നവരല്ല. അറബിനാട്ടിൽ നിന്നും വന്ന ഏതാനും പേരുടെ പ്രബോധനഫലമായി മുൻഗാമികളിൽ പലരും മുസ്‌ലിംകളായി. അങ്ങനെ ഇന്നത്തെ അവസ്ഥയിലെത്തി. ഇസ്‌ലാമിലെ സാഹോദര്യവും സമത്വവും ഏകദൈവാരാധനയും കണ്ടും മനസ്സിലാക്കിയുമാണ് അവർ ഇസ്‌ലാമിലേക്കുവന്നത്. സവർണ മേധാവിത്വത്തിന്റെ അടിച്ചമർത്തലിൽനിന്നും ജാതിവേലിക്കെട്ടിൽനിന്നും തൊട്ടുകൂടായ്മയിൽനിന്നും രക്ഷനേടാനും തങ്ങളെ മനുഷ്യരായി കാണുന്ന അവസ്ഥയുണ്ടാകാനും അവർ ആഗ്രഹിച്ചു. അതിന് ഇസ്‌ലാം മതത്തിനേ കഴിയൂ എന്നവർ മനസ്സിലാക്കി. അങ്ങനെ കൂട്ടത്തോടെയും ഒറ്റക്കുമെല്ലാം ആളുകൾ ഇസ്‌ലാമിലേക്ക് ചേക്കേറി."

"മതി നിന്റെ പ്രസംഗം. നീ എന്തുവരെ പഠിച്ചു?"

"ആറാം ക്ലാസ്സ് വരെ."

"തുടർന്ന് പഠിക്കാതിരുന്നത് എന്തുകൊണ്ട്?"

"ദാരിദ്ര്യം തന്നെ. മാന്യമായി ധരിക്കാൻ ഉടുവസ്ത്രം പോലും ഇല്ലാതിരുന്ന സാഹചര്യത്തിൽ പഠനം എങ്ങനെ മുന്നോട്ടുപോകാൻ!"

"ഇത് ഒരു ചെറിയ കേസല്ല. ഇവർക്ക് തീവ്രവാദികളുടെ നല്ല പിൻബലമുണ്ട്. പാക്കിസ്താൻ വരവായിരിക്കും" എന്നും പറഞ്ഞ് പോലീസുകാർ ഇറങ്ങിപ്പോയി.

രാവിലെ ഏഴു മണിയായപ്പോൾ പോലീസ് സർക്കിൾ ഇൻസ്പെക്ടറും പോലീസ് സംഘവും സ്ഥലത്തു വന്നു. സി.ഐ.എന്നോട് വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി.

സി.ഐ.പറഞ്ഞു: "ഇവിടെ സംഘർഷാവസ്ഥയുള്ളതിനാൽ പോലീസ് ക്യാമ്പ് ഇടുകയാണ്. തനിക്ക് വധഭീഷണിയുള്ളതിനാൽ അറിയാവുന്ന ശത്രുക്കളുടെ പേരും അഡ്രസ്സും എഴുതി പരാതി തരിക."

> **ലോകത്തുള്ള സർവമനുഷ്യരുടെയും ഇഹപര ക്ഷേമത്തിനുവേണ്ടി പ്രപഞ്ചനാഥൻ നൽകിയ നിത്യനിയമവ്യവസ്ഥയാണ് ഇസ്‌ലാം. ഇത് ബോധ്യപ്പെടുന്നവർ അതിന് കീഴ്പ്പെട്ട് ജീവിക്കുന്നു. നമ്മളിന്ന് ഇന്ത്യയിൽ കാണുന്ന മുസ്‌ലിംകളെല്ലാം വിദേശത്തു നിന്നും വന്നവരല്ല. അറബിനാട്ടിൽ നിന്നും വന്ന ഏതാനും പേരുടെ പ്രബോധനഫലമായി മുൻഗാമികളിൽ പലരും മുസ്‌ലിംകളായി. അങ്ങനെ ഇന്നത്തെ അവസ്ഥയിലെത്തി. ഇസ്‌ലാമിലെ സാഹോദര്യവും സമത്വവും ഏകദൈവാരാധനയും കണ്ടും മനസ്സിലാക്കിയുമാണ് അവർ ഇസ്‌ലാമിലേക്കുവന്നത്. സവർണ മേധാവിത്വത്തിന്റെ അടിച്ചമർത്തലിൽ നിന്നും ജാതിവേലിക്കെട്ടിൽനിന്നും തൊട്ടുകൂടായ്മയിൽനിന്നും രക്ഷനേടാനും തങ്ങളെ മനുഷ്യരായി കാണുന്ന അവസ്ഥയുണ്ടാകാനും അവർ ആഗ്രഹിച്ചു. അതിന് ഇസ്‌ലാം മതത്തിനേ കഴിയൂ എന്നവർ മനസ്സിലാക്കി. അങ്ങനെ കൂട്ടത്തോടെയും ഒറ്റക്കുമെല്ലാം ആളുകൾ ഇസ്‌ലാമിലേക്ക് ചേക്കേറി.**

“സർ, എനിക്ക് ശത്രുക്കളില്ല; വധഭീഷണിയിൽ പരാതിയുമില്ല. എന്നെ വെറുതെ വിട്ടേര്.”

“പരാതി തരുന്നുണ്ടോ ഇല്ലേ?”

“ഇല്ല, സർ!”

“താൻ കുറച്ചുദിവസത്തേക്ക് കോളനിവിട്ട് പുറത്തേക്ക് യാത്രപോകരുത്. അഥവാ പോകുകയാണെങ്കിൽ ക്യാമ്പിലുള്ള പോലീസുകാരുടെ അനുവാദം വാങ്ങണം.”

“ശരി സർ.”

അന്നു മുതൽ പകൽ രണ്ടും രാത്രിയിൽ മൂന്നും പോലീസുകാർ എന്റെ വീടിനടുത്ത് ഒഴിഞ്ഞുകിടക്കുന്ന വീട്ടിൽ ക്യാമ്പ് തുടങ്ങി. സി.ഐ ഒന്നിടവിട്ട ദിവസങ്ങളിൽ സ്ഥലത്തു വന്ന് കറങ്ങിപ്പോകാനും തുടങ്ങി.

എന്റെ അമ്മയുടെ അമ്മാവന്റെ മകനാണ് കുഞ്ഞുമോൻ. കാട്ടിറച്ചിയും ഫലങ്ങളും ഇഷ്ടാനുസരണം തിന്ന് ഒറ്റയാനായി വളർന്ന കുഞ്ഞുമോനെ ‘കരടി കുഞ്ഞുമോൻ’ എന്നാണ് ചിലർ വിളിക്കുന്നത്. കരടിയെപ്പോലെ ശരീരമാസകലം രോമവും ചുവന്ന കണ്ണുകളും വലിയ ശരീരവും അതിനൊത്ത ദൃഢതയുള്ള ശരീരവും. മദ്യലഹരിയിൽ ആറാടി നടക്കുന്ന കുഞ്ഞുമോനെ ആരും എതിർക്കാറില്ല. അയാളെ അടിച്ചോ പിടിച്ചോ കീഴ്പ്പെടുത്തുക സാധ്യമല്ല. അത്രയും ശക്തനാണ്.



ഒരുദിവസം പമ്പാനദി തീരത്തുവച്ച് അയാളുടെ മുമ്പിൽ ഞാൻ പെട്ടുപോയി. എന്റെ തുണിക്കുത്തിനു പിടിച്ച് നിഷ്പ്രയാസം പൊക്കിയിട്ട് അവൻ പറഞ്ഞു:

“ഇന്ന് നിന്നെ ഈ നദിയിലെറിഞ്ഞു കൊല്ലുകയാണ്.”

മദ്യലഹരിയിലായിരുന്ന ഇയാളുടെ പിടിയിൽ നിന്നും എങ്ങനെ രക്ഷപ്പെടും? അടുത്തെങ്ങും ആരും ഇല്ല. അയാൾ പിടിമുറുക്കി ഉലക്കുകയാണ്. എതിർത്തിട്ടു കാര്യമില്ല. അനുനയിപ്പിക്കാൻ കഴിഞ്ഞാൽ രക്ഷപ്പെടും.

ഞാൻ പറഞ്ഞു: “നമ്മൾ അളിയന്മാരാണ്. നമ്മുടെ പഴയ ബന്ധത്തിന് ഒരു കുറവും ഇപ്പോഴും ഇല്ല.”

അളിയൻ പിടിവിട്ടു. വല്ലാതെ വേദനിക്കുന്നു. എനിക്കൊരു ബീഡി തരൂ എന്നു കുഞ്ഞുമോൻ പറഞ്ഞു. ഇസ്‌ലാം സ്വീകരിച്ചതോടെ പുകവലി നിറുത്തി എന്നു ഞാൻ പറഞ്ഞു.

അയാൾ ഒരു നിമിഷം സൂക്ഷിച്ചു നോക്കിയിട്ട് പിടിവിട്ടു. നിന്റെ മുഖത്ത് നോക്കിയിട്ട് കൊല്ലാൻ തോന്നുന്നില്ലെന്നു പറഞ്ഞു. ഞാൻ അയാളുടെ ആശ്ലേഷിച്ചുകൊണ്ട് പറഞ്ഞു:

“നമ്മൾ ശത്രുക്കളല്ല, മിത്രങ്ങളാണ്.”

“കാര്യമൊക്കെ ശരിതന്നെ. പക്ഷേ, നീ തിരിച്ചുവരണം. ഇല്ലെങ്കിൽ നിന്നെ കൊല്ലും. തലപ്പാറമലയാണെ സത്യം!”

ഞാൻ അത് അത്ര കാര്യമാക്കിയില്ല.

“ശരി അളിയാ... ഞാൻ പോകട്ടെ” എന്നും പറഞ്ഞ് ഒരു അപകടത്തിൽനിന്നും രക്ഷപ്പെട്ട ആശ്വാസത്തോടെ ഞാൻ നടന്നു.

രണ്ടുദിവസം കഴിഞ്ഞു. പതിവുപോലെ സർക്കിൾ ഇൻസ്പെക്ടർ സ്ഥലത്തുവന്നു. മദ്യലഹരിയിൽ ഉറഞ്ഞുനിന്ന കുഞ്ഞുമോൻ ‘ഇവിടെ വച്ചിരിക്കുന്ന പള്ളി പൊളിച്ചുകളയാതെ സാറിനെ വിടില്ല’ എന്നു പറഞ്ഞുകൊണ്ട് സി.ഐയുടെ മുമ്പിൽ കയറിനിന്നു.

“നീ മാറ്, ഞാൻ പള്ളിയൊന്ന് കാണട്ടെ.”

സി.ഐ.പള്ളിമുറ്റത്തേക്ക് കയറി. ഈ സമയം തീപ്പൊരിപോലെ വാർത്ത പരന്നു. ‘പോലീസ് പള്ളി പൊളിക്കുന്നു.’ വാർത്തകേട്ട ആൾക്കാർ സന്തോഷത്തോടെ ഓടിക്കൂടി.

ഹൈന്ദവ വിശ്വാസിയായ സി.ഐ. ചെരുപ്പ് ഊരിയിട്ട ശേഷം പള്ളിക്കുള്ളിൽ കയറി. വിശദമായി പരിശോധിച്ചിറങ്ങി. എന്നോട് ചോദിച്ചു:

"ഇത് പണിയുന്നതിന് ആരെങ്കിലും പണം തന്നിരുന്നോ? ആരാ തന്നത്?"

"ഇല്ല സാർ, ഞാൻ സ്വർണം വിറ്റാണ് ഉണ്ടാക്കിയത്. അതിന്റെ ബില്ല് വേണമെങ്കിൽ കൊണ്ടുവരാം."

സി.ഐയുടെ മുഖഭാവത്തിൽനിന്നും മനസ്സിലായി; ഷെഡ് പൊളിക്കുമെന്ന്. ആശങ്കയോടെ ഞാൻ സി.ഐയുടെ അടുത്തു ചെന്നു.

"സാർ, ഇപ്പോൾ ഇത് തള്ളിമറിച്ചിടരുത്. ഇത്രയും ആൾക്കാരുടെ മുമ്പിൽവച്ച് ഞങ്ങളെ ആക്ഷേപിക്കരുത്. ഞങ്ങൾ തന്നെ ഇന്നു പൊളിച്ചു മാറ്റിക്കോളാം."

"ഇത് ഇവിടെ ഇരിക്കുന്നിടത്തോളം പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഇത് പൊളിച്ചുമാറ്റിയേ പറ്റൂ. ഞാൻ ഇപ്പോൾ പൊളിക്കുന്നില്ല. നിങ്ങൾതന്നെ ഇന്ന് പൊളിച്ചുമാറ്റുമോ?"

ഞാൻ പറഞ്ഞു: "ഇൻശാ അല്ലാഹ്."

സി.ഐ.ചോദിച്ചു: "എന്താണ് പറഞ്ഞത്?"

"ദൈവം ഉദ്ദേശിച്ചാൽ."

സി.ഐ.അൽപനേരം ആലോചിച്ചുനിന്നിട്ട് തടിച്ചുകൂടിയ ആളുകളോടായി പറഞ്ഞു:


"എല്ലാവരും പിരിഞ്ഞു പോകുക. അവർ തന്നെ പൊളിച്ചു മാറ്റിക്കൊള്ളും. ഇതിന്റെ പേരിൽ ഇവിടെ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ആരും ശ്രമിക്കരുത്. പ്രശ്നങ്ങൾ ഉണ്ടാക്കുന്നവനൊന്നും പിന്നെ വെട്ടം കാണില്ല."

ഒരു ഈശ്വരവിശ്വാസിയായതുകൊണ്ടാവാം സി.ഐ മാന്യമായി ഇടപെട്ടു. പോലീസുകാർ പള്ളി പൊളിക്കാതെ പോയതിൽ ചിലർ കലിതുള്ളി.

ദിവസങ്ങൾ കഴിഞ്ഞു. പോലീസ് പറഞ്ഞിട്ടും പള്ളി പൊളിക്കാത്തതിൽ പ്രതിഷേധം ശക്തിപ്പെടുകയാണ്. സ്വന്തം അമ്മാവനും കുഞ്ഞുമോനും സംഘവും സജീവമായി രംഗത്തുണ്ട്. പോലീസിനെ മറികടന്നുകൊണ്ട് പ്രശ്നങ്ങൾ ഉരുണ്ടുകൂടുകയാണ്. ചില അപരിചിതർ കോളനിയിൽ തമ്പടിച്ചു വിഹരിക്കുന്നു.

അവർ വീട്ടിൽവന്ന് മാതാപിതാക്കളെ ഭീഷണിപ്പെടുത്തി. പരസ്യമായി വടിവാൾ കല്ലിൽ വെട്ടി തീപ്പൊരി പറപ്പിച്ചിട്ടുള്ള മുന്നറിയിപ്പ്; ഇതുപോലെ മകനെയും കൊച്ചുമകനെയും അരിയും. പല കുടുംബങ്ങളുടെയും നിരപരാധികളുടെയും സമാധാനം നഷ്ടപ്പെട്ടു. അവർ ഭയവിഹ്വലരായി.

ചില ബന്ധുക്കളും സുഹൃത്തുക്കളും ഉപദേശിച്ചു: 'നിങ്ങളെല്ലാം കുറെക്കാലത്തേക്ക് ഇവിടംവിട്ടു എങ്ങോട്ടെങ്കിലും പോകുക. മറ്റുള്ളവരെങ്കിലും സമാധാനമായി ജീവിക്കട്ടെ.'



ചില മുസ്‌ലിം സഹോദരങ്ങളും ഇതേ ആവശ്യം ഉന്നയിച്ചിട്ടും ഞാൻ ഗൗനിച്ചില്ല. അവസാനം പ്രിയപ്പെട്ട അമ്മയുടെ ഉപദേശം: "മോനേ... അല്ലാഹുവിന്റെ വിധിയെന്തോ അത് സംഭവിക്കുകതന്നെ ചെയ്യും. എങ്കിലും പറയുകയാ... ജീവിച്ചിരുന്നെങ്കിൽ മാത്രമെ എന്തെങ്കിലും പ്രവർത്തിക്കാൻ കഴിയൂ. ഓരോ ദിവസം കഴിയുന്തോറും പ്രശ്നങ്ങൾ കൂടുകയാണല്ലോ. കുറെക്കാലത്തേക്ക് നീയും കുട്ടികളും മതം സ്വീകരിച്ചവരുമെല്ലാം എവിടെയെങ്കിലും പോകണം. ഞാനും അച്ഛനും ഇവിടെ താമസിക്കാം. ഞങ്ങളെ ആരും ഉപദ്രവിക്കില്ല. ഞാൻ പറയുന്നത് നീ അനുസരിക്കണം.''

"ശരി ഉമ്മാ... രണ്ടുദിവസത്തിനകം എങ്ങോട്ടെങ്കിലും പോകാം. വണ്ടിക്കൂലിക്ക് പോലും കൈയിൽ പൈസയില്ല. കുറച്ച് പൈസ ഉണ്ടാക്കട്ടെ."

പിറ്റേദിവസം മഗ്‌രിബിന് ശേഷം കുറച്ച് ദൂരെനിന്നും ഒരു അലർച്ചയും അട്ടഹാസവും തെറിയഭിഷേകവും. അളിയൻ കുഞ്ഞുമോൻ തന്നെ! ഉടുതുണി

അഴിച്ച് വീശിക്കൊണ്ട് അവൻ പറയുന്നു: “പൊളിക്കെടാ നിന്റെ പള്ളി, ഇല്ലെങ്കിൽ ഇന്നു ഞാൻ പൊളിക്കുമെടാ.”

തിരിച്ച് ഒരു അക്ഷരം പറയാൻപോലും ആരും ധൈര്യപ്പെട്ടില്ല. നിശ്ശബ്ദമായ പ്രതികരണം. ഇശാഅ് ബാങ്ക് കൂടി മൈക്കിൽ വിളിച്ചാൽ വീണ്ടും ശൗര്യം കൂടുമെന്നു ബോധ്യമുള്ളതിനാൽ മൈക്കിൽ ബാങ്ക് വിളിച്ചില്ല. ഇശാഅ് നമസ്കാരം നടക്കുമ്പോഴും പൂരപ്പാട്ടു തന്നെ. പ്രപഞ്ചനാഥനെപ്പോലും അസഭ്യവർഷത്തിൽനിന്നും ഒഴിവാക്കിയില്ല.

ശാന്തമായ അന്തരീക്ഷത്തിൽ പ്രതിധ്വനിക്കുന്ന അസഭ്യവർഷം അവസാനിപ്പിക്കുന്ന ലക്ഷണമില്ലെന്നു വന്നപ്പോൾ അനന്തരവൻ സുലൈമാൻ പ്രതികരിക്കാൻ തയ്യാറായി:

“മാമാ... നമ്മളിങ്ങനെ പേടിച്ചിരുന്നിട്ടു കാര്യമില്ല. രണ്ടു മണിക്കൂറായില്ലേ അവൻ നമ്മളെ ചീത്ത പറയാൻ തുടങ്ങിയിട്ട്; ഞാൻ അങ്ങോട്ടു ചെല്ലാം.”

ഉമ്മയും ഞാനും അവനെ തടഞ്ഞു. ‘വേണ്ടാ... ഒരക്ഷരം മിണ്ടരുത്.’

പൂട്ടിയ പള്ളി തുറന്ന് എല്ലാവരും അകത്തുകയറി വട്ടംകൂടിയിരുന്നു. അല്ലാഹുവിനോട് സങ്കടം പറഞ്ഞു:

“നാഥാ, സമാധാനത്തോടുകൂടി നമസ്കരിക്കാൻപോലും ഞങ്ങൾക്ക് കഴിയുന്നില്ല. അല്ലാഹുവേ, നിന്നെ ആരാധിക്കുവാൻ വേണ്ടി ഞങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ ഈ പള്ളി പൊളിക്കാത്തതിന്റെ പ്രതിഷേധമാണ് ഈ കേൾക്കുന്നത്. ഞങ്ങൾ ന്യൂനപക്ഷവുംബലഹീനരുമാണെന്ന് നിനക്കറിയാം. നീയല്ലാതെ ഞങ്ങളെ സഹായിക്കാൻ ആരുമില്ല. ഇത്തരം അക്രമികളെ തടയാൻ ഞങ്ങൾക്കാവില്ല. തമ്പുരാനേ, നീ ഞങ്ങളെ സഹായിക്കണമേ.”

എല്ലാ കണ്ണുകളും നിറഞ്ഞൊഴുകി; ആമീൻ പറഞ്ഞു. പ്രാർഥന കഴിഞ്ഞു ഞങ്ങളെല്ലാവരും വെളിയിലിറങ്ങി. പള്ളി അടച്ചു. ഈ സമയം കുഞ്ഞുമോൻ അലർച്ച നിർത്തി.

സമാധാനമായി. അവൻ പാതിരാവിൽ വന്നു പള്ളി നശിപ്പിക്കുമോ? ചിലർ സംശയം പ്രകടിപ്പിച്ചപ്പോൾ അമ്മ പറഞ്ഞു: “പള്ളി അല്ലാഹുവിന്റേതാ... പള്ളി അവൻ നോക്കിക്കൊള്ളും.”

ആകാശം ഇരുണ്ടുമൂടി. ശക്തമായ മിന്നൽ; ഇടിമുഴക്കം. മഴ ചീറി പെയ്തുവരുന്നു. ഞങ്ങളെല്ലാം വീടുകളിൽ ഓടിയെത്തി. അന്നു രാത്രി മഴ തുള്ളിതുവർന്നില്ല. ചന്നംപിന്നം പെയ്തുകൊണ്ടിരുന്നു. രാത്രിയുടെ അവസാനയാമമായി. കാട്ടുപക്ഷികൾ കീർത്തനങ്ങളുയർത്തി. മലമുകളിൽനിന്നും കാട്ടുകോഴികൾ കൂവി വിളിക്കുന്നു.


ഈ സമയം ഭാര്യ എന്നെ വിളിച്ചുണർത്തി: “ബാങ്ക് വിളിക്കാൻ പോകൂ. സമയമായി.’’

മണ്ണെണ്ണവിളക്ക് തെളിച്ചുകൊണ്ട് പള്ളിയിലേക്കു പോയി. പള്ളിയുടെ എതിർകരയിലുള്ള കുഞ്ഞുമോന്റെ വീട്ടിലേക്ക് കണ്ണ് പോയി. ചൂട്ടുകറ്റകളും വിളക്കുകളുമായി ആൾക്കാർ നടക്കുന്നതും സംസാരങ്ങളും ശ്രദ്ധിച്ചെങ്കിലും ഗൗനിച്ചില്ല. ബാങ്ക് വിളിച്ചു. നമസ്കാര സമയവും പ്രതീക്ഷിച്ചു പള്ളിയിലിരുന്നു. നിലം കാണാവുന്നവിധം നേരം വെളുത്തുവരുന്നു.

അന്നേരം അതാ കേൾക്കുന്നു കാത് പൊട്ടുന്ന ഒരു അലർച്ച: “അയ്യോ, ഓടിവായോ. കുഞ്ഞുമോൻ മരിച്ചുകിടക്കുന്നേ... ഓടിവായോ...”

ആൾക്കാർ ഓടിക്കൂടിക്കൊണ്ടിരിക്കുന്നു.

“എന്റെ ഭർത്താവിനെ കൊന്നേ...” എന്ന നിലവിളികേട്ടപ്പോൾ കാര്യം വ്യക്തമായി. എന്റെ ശ്വാസം നിലച്ചുപോകുന്നത് പോലെ. കൈകാലുകൾ



ബലഹീനമായി. നമസ്കാരപ്പായയിൽ കമഴ്ന്നു വീണുപോയി. ഈ സമയം അമ്മ കരഞ്ഞുകൊണ്ട് ഓടിവന്നു.

"മോനേ, എന്താടാ സംഭവിച്ചത്? കുഞ്ഞുമോന് എന്തുപറ്റിയെടാ.?"

അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ട് ഞാൻ പറഞ്ഞു: "യാചിച്ചാൽ അല്ലാഹു സ്വീകരിക്കും. കുഞ്ഞുമോന്റെ എന്തുപറ്റി എന്നറിയില്ല. അവന് എന്തുപറ്റിയാലും ആളുകൾ നമ്മെ കുറ്റവാളികളാക്കും. പ്രാർഥിക്കുകയല്ലാതെ വേറൊരു വഴിയും നമ്മുടെ മുമ്പിലില്ല."

ഞാനും ഉമ്മയും ചങ്ക് പൊട്ടുമാറ് പ്രാർഥിച്ചു: "നാഥാ, കുഞ്ഞുമോന് അപകടമൊന്നും വരുത്തരുതേ. ഞങ്ങളുടെ നിരപരാധിത്വം ബോധ്യപ്പെടുത്താൻ സഹായിക്കേണമേ."

ഈ സമയം ഏതാനുംപേർ ചേർന്ന് കുഞ്ഞുമോനെ എടുത്തുക്കൊണ്ട് അവന്റെ വീട്ടിലേക്ക് പോകുന്നു. കൂട്ടനിലവിളിയും അട്ടഹാസവും. എല്ലാവരും ആ വീട്ടിലേക്ക് ഓടി. ഇതിനോടകം കുഞ്ഞുമോൻ മരിച്ചതായി വിളിച്ചറിയിക്കുന്നതും കേട്ടു.

രാത്രി എട്ടുമണിവരെ മുസ്‌ലിംകളെയും പള്ളിയെയും അല്ലാഹുവിനെയും കുഞ്ഞുമോൻ ചീത്ത പറഞ്ഞ് അട്ടഹസിക്കുന്നതിന് ദൃക്സാക്ഷികൾ ഒട്ടേറെയുണ്ട്. അതിനാൽ കുറ്റം ഞങ്ങളിൽ ചാത്തുമെന്ന് ഉറപ്പാണ്.

കുഞ്ഞുമോൻ നിന്ന് അട്ടഹസിച്ചതും മരിച്ചു കിടന്നതുമായ, പള്ളിക്ക് എതിർദിശയിലുള്ള ഭൂമി ഞങ്ങളുടെതാണ്. ഞങ്ങളുടെ സ്ഥലത്തുനിന്നും നൂറു മീറ്റർ ദൂരെയാണ് കുഞ്ഞുമോന്റെ വീട്. എന്താണു സംഭവിച്ചതെന്നറിയില്ലല്ലോ.

കുഞ്ഞുമോന്റെ വീട്ടിൽ ഓടിക്കൂടിയവരിൽ ചിലർ നാടൻ ചികിത്സാ പ്രയോഗം നടത്തി. തേങ്ങയുടെ തൊണ്ട് തീയിൽ ചൂടാക്കി കുഞ്ഞുമോന്റെ മഴനനഞ്ഞു മരവിച്ച ശരീരത്തിൽ അമർത്തി തിരുമ്മി ശരീരം ചൂടാക്കിക്കൊണ്ടുള്ള പ്രയോഗം നടത്തി. അരമണിക്കൂർ പിന്നിട്ടു. മരിച്ചു മരവിച്ച ശരീരത്തിൽ കെട്ടിപ്പിടിച്ചു ഭാര്യ കരയുമ്പോൾ നോക്കിനിൽക്കുകയായിരുന്ന ഒരാൾ വിളിച്ചു പറയുന്നു:

"അയ്യോ... ആൾ മരിച്ചിട്ടില്ല. ജീവനുണ്ട്. കാൽ അനക്കുന്നു." താമസിയാതെ കസേരയിൽ ചുമന്ന് കുഞ്ഞുമോനെ ആശുപത്രിയിലേക്കു കൊണ്ടുപോയി.

ഇതിനോടകം കുപ്രചാരണം പരന്നുകഴിഞ്ഞു. ഇത് മുസ്‌ലിംകളുടെ പരിപാടി തന്നെ. ഒന്നുകിൽ അടിച്ചുവീഴ്ത്തിയത്. അല്ലെങ്കിൽ കൂടോത്രം. എന്തായാലും ആൾ രക്ഷപ്പെടുമോ എന്നറിയട്ടെ. ബാക്കികാര്യം പിന്നെ നോക്കാം എന്നായി ചിലർ.

> **“അക്രമവും ഭത്സനവും കൂടിവന്നു. ഇനിയും അവിടെ താമസിക്കുന്നത് അപകടമാണ് എന്ന നിലയിലായി കാര്യങ്ങൾ. രക്ഷപ്പെടാൻ രണ്ട് വഴികളേയുള്ളൂ. ഒന്നുകിൽ ഇസ്‌ലാമയവരെല്ലാം ഇവിടംവിട്ടു പോകുക. അല്ലെങ്കിൽ ഇസ്‌ലാം ഉപേക്ഷിച്ചു മടങ്ങുക. ഏതു വേണമെന്നു ഉടൻ തീരുമാനത്തിലെത്താൻ സമയമായി. അന്നു ഉച്ചയോടുകൂടി അഞ്ച് കുടുംബങ്ങൾ സാധനങ്ങളെല്ലാം കെട്ടിയെടുത്ത് പിറന്നുവീണ മണ്ണിൽ നിന്നും പേടിച്ചു നാടുവിടുകയായി. അമ്പത് കിലോ മീറ്റർ ദൂരെ ഒരിടത്ത് അഭയം ലഭിച്ചു. ഞങ്ങൾക്കെല്ലാം സുരക്ഷിതമായ താമസവും സംരക്ഷണങ്ങളുമെല്ലാം അല്ലാഹു സജ്ജമാക്കിത്തന്നു.”**

'എല്ലാം അറിയുന്ന അല്ലാഹുവേ... കുഞ്ഞുമോനെക്കൊണ്ടു സംസാരിപ്പിക്കേണമേ' എന്ന പ്രാർഥനയോടെ ഞങ്ങളെല്ലാം നിശ്ശബ്ദരായി.

ഇനിയും ഇവിടെ താമസിക്കുന്നത് അപകടമാണ്. രക്ഷപ്പെടാൻ രണ്ട് വഴികളേയുള്ളൂ. ഒന്നുകിൽ ഇസ്‌ലാമായവരെല്ലാം ഇവിടംവിട്ടു പോകുക. അല്ലെങ്കിൽ ഇസ്‌ലാം ഉപേക്ഷിച്ചു മടങ്ങുക. ഏതു വേണമെന്നു ഉടൻ തീരുമാനത്തിലെത്താൻ സമയമായി. അന്നു ഉച്ചയോടുകൂടി അഞ്ച് കുടുംബങ്ങൾ സാധനങ്ങളെല്ലാം കെട്ടിയെടുത്ത് പിറന്നുവീണ മണ്ണിൽ നിന്നും പേടിച്ചു നാടുവിടുകയായി. അമ്പത് കിലോ മീറ്റർ ദൂരെ ഒരിടത്ത് അഭയം ലഭിച്ചു. ഞങ്ങൾക്കെല്ലാം സുരക്ഷിതമായ താമസവും സംരക്ഷണങ്ങളുമെല്ലാം അല്ലാഹു സജ്ജമാക്കിത്തന്നു.

ആശുപത്രിയിലായ കുഞ്ഞുമോന് മൂന്നാം ദിവസം ബോധം തിരികെവന്നു. അയാൾക്ക് സംഭവിച്ചതെന്ത് എന്നറിയാൻ ഞങ്ങൾക്ക് ആകാംക്ഷയായി.

**(അവസാനിച്ചില്ല)**

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച

# കനിവ് കിനിയുന്ന കിറ്റുകൾ




ഒരു വൈകുന്നേരമാണ് സുഹൃത്തിന് ഫോൺ വന്നത്. പരിചയക്കാരിയായ വനിതാ ഡോക്ടറാണ്. 100 കിലോയോളം മാംസം ഉണ്ട്, വിതരണം ചെയ്യണം. കുടുംബത്തിൽ ആയിടെ പിറന്ന കുട്ടിക്കു വേണ്ടി ഉരുവിനെ അറുത്ത മാംസമാണ്. വേറെ സ്ഥലത്തുനിന്ന് വന്ന് താമസിക്കുന്നതുകൊണ്ട് ഡോക്ടർക്ക് കൂടുതൽ പരിചയക്കാരില്ല.

സാമൂഹ്യപ്രവർത്തകനായ സുഹൃത്ത് മറ്റൊരു വനിതയുടെ പേരും ഫോൺ നമ്പറും നൽകി. വിളിക്കണം, നേരിട്ട് കൊണ്ടുപോയി കൊടുക്കണം എന്നു പറഞ്ഞു. സുഹൃത്ത് അതിനുള്ള ഏർപ്പാടുകളും ചെയ്തു. ഡോക്ടർ ചാരിറ്റി കാര്യത്തിൽ തൽപരയാണ്, എന്നാൽ നാട്ടിൽ അതിനുമാത്രം പട്ടിണിയും ദാരിദ്ര്യവും ഇല്ല എന്ന പക്ഷക്കാരിയുമാണ്.

കവറുകളിലാക്കിയ മാംസപ്പൊതികൾ കൊണ്ട് ആ മലയോര പ്രദേശത്ത് അവർ എത്തിയപ്പോഴേക്കും ഏതാണ്ട് അത്ര തന്നെ കുടുംങ്ങളുടെ പ്രതിനിധികൾ കാത്ത് നിൽപ്പുണ്ടായിരുന്നു. മാംസപ്പൊതി വാങ്ങിയ ചിലരുടെ പ്രതികരണങ്ങൾ ആ ഭിഷഗ്വരയുടെ കണ്ണുകളെ ഈറനണിയിച്ചു.

കോവിഡ് കാരണം കുടുംബനാഥന്റെ ജോലി നഷ്ടപ്പെട്ടത്, വൈധവ്യം, ദാരിദ്ര്യം, ഉൽകണ്ഠ, അരക്ഷിത ബോധം തുടങ്ങി പലതും അവർക്ക് പറയാനുണ്ടായിരുന്നു. മാംസം കഴിച്ചിട്ട് മാസങ്ങളായി എന്നായിരുന്നു ചിലർക്ക് പറയാനുണ്ടായിരുന്നത്. ഡോക്ടർ അവരിൽനിന്ന് എല്ലാം നേരിൽ കേട്ടും കണ്ടും അറിഞ്ഞു.

തിരഞ്ഞെടുപ്പ് ഡ്യൂട്ടിയുടെ തിരക്കിനിടയിൽ സുഹൃത്തിന്റെ വിളി; വിവിധ ധാന്യങ്ങളും മറ്റും അടങ്ങിയ 50 കിറ്റുകൾ ആ ഡോക്ടർ തയ്യാറാക്കിയിട്ടുണ്ട്. അത് ആ മലയോര കോളനിയിൽ വിതരണം ചെയ്യാൻ കൊണ്ടുപോകാൻ തടസ്സമുണ്ടോ എന്നാണ് അറിയേണ്ടത്. പുതിയ പരിശോധനാസ്കോഡുകൾ ഉണ്ട് എന്നും എങ്ങാനും തെരഞ്ഞെടുപ്പിന് വോട്ടർമാരെ സ്വാധീനിക്കാൻ ആണ് എന്ന സംശയം ഉദ്യോഗസ്ഥർ ഉന്നയിച്ചാൽ അല്ല എന്ന് സ്ഥാപിക്കാൻ പ്രയാസമായിരിക്കും എന്നും അതിനാൽ വോട്ടെടുപ്പുവരെ കാത്തിരിക്കുകയാണ് ഉചിതം എന്നുമുള്ള എന്റെ അഭിപ്രായം സുഹൃത്ത് സ്വീകരിച്ചു.

സഹായം അർഹിക്കുന്ന, ദാരിദ്ര്യവും കഷ്ടപ്പാടും പുറത്തറിയിക്കാതെ ജീവിക്കുന്ന പലരും നമുക്ക് ചുറ്റിലുമുണ്ട്. നമുക്ക് നേരിൽ സഹായിക്കാൻ പരിധിയും പരിമിതിയും ഉണ്ടാവാം. എന്നാൽ സഹായ മനസ്ഥിതിയുള്ളവരെ അർഹരായവരുമായി ബന്ധിപ്പിക്കുക എന്നത് നമുക്ക് എപ്പോഴും ചെയ്യാനാകും എന്നാണ് അനുഭവം.

“മതത്തെ വ്യാജമാക്കുന്നവൻ ആരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളിക്കളയുന്നവനത്രെ അത്. പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവൻ” (ക്വുർആൻ 107:1-3).

# SUPPORT JAMIA KNOWLEDGE

## കാവലിരിക്കാം നമുക്കീ വിളക്കുമാടത്തിന്

പ്രായ – ലിംഗ – ദേശ ഭേദമന്യേ ഏതൊരാൾക്കും ഇസ്‌ലാമിക വിജ്ഞാനങ്ങൾ വ്യവസ്ഥാപിതമായി കരസ്ഥമാക്കാൻ സാധ്യമാകുന്ന ഈ വിജ്ഞാന പ്രവാഹത്തിന് ഒരു കുമ്പിൾ കൊണ്ടെങ്കിലും സഹായമേകുക

### വക്വ്ഫ്

വാടക ലഭിക്കുന്ന കെട്ടിടങ്ങളുടെ ഒരു ഭാഗം/ വാടകയുടെ നിശ്ചിത വിഹിതം ജാമിഅഃക്ക് വഖ്ഫായി നൽകുക

### മുസാഅദ

പ്രതിദിനം/പ്രതിമാസം/ പ്രതിവർഷം എന്നിങ്ങനെ നിങ്ങൾക്ക് ചെയ്യാവുന്ന വല്ലതും – അതെത്ര ചെറുതാണെങ്കിലും – വരിസംഖ്യയായി നൽകുക. കൂടാതെ സ്ഥാപനത്തിലെ ഒരു ദിവസത്തെ ഭക്ഷണം/ ഒരു കുട്ടിയുടെ ഒരു ദിവസത്തെ ഭക്ഷണം/സ്റ്റാഫ് സാലറി തുടങ്ങി ഏത് ഭാഗവും ഏറ്റെടുക്കാം

### കഫാല

ഒരു വിദ്യാർത്ഥിയുടെ പഠന ചെലവുകൾ ഏറ്റെടുക്കുക. ഒരു വിദ്യാർത്ഥിയുടെ ഭക്ഷണ ചെലവ് മാത്രമായോ മുഴുവൻ ചെലവുകളോ പ്രതിമാസം ഏറ്റെടുക്കുക

### ജാരിയ

സ്ഥിര വരുമാനത്തിൽ നിന്ന് നിശ്ചിത വിഹിതം പ്രതിമാസം/പ്രതിവർഷം ജാമിഅഃക്ക് നൽകുക

VISION 2030




**For More Details:**

+919288098300

**Account Details:**

Jamia Al Hind Al Islamiya Trust
A/C: 4691201000026
Canara Bank, Vengara Branch
IFSC: CNRB0004691

Jamia Al Hind Al Islamiyya
Wadi Al Hikma, Mini Ootty
Oorakam, Malappuram, Kerala, 676519
+91 9288 098 302 | www.jamiaalhind.com




ചരിത്രപഥം

# നബി ﷺ യും ദൈവിക ദൃഷ്ടാന്തങ്ങളും

മുഹമ്മദ് നബി ﷺ 17

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

മുഹമ്മദ് നബി ﷺ യിലൂടെ അല്ലാഹു പ്രകടമാക്കിയ ചില അത്ഭുത ദൃഷ്ടാന്തങ്ങളെക്കുറിച്ചാണ് നാം മനസ്സിലാക്കിക്കൊണ്ടിരിക്കുന്നത്. സ്വന്തം ബുദ്ധിക്കും യുക്തിക്കും നിരക്കുന്നില്ല എന്ന കാരണം പറഞ്ഞ് സ്ഥിരപ്പെട്ടുവന്ന ഇത്തരം യാഥാർഥ്യങ്ങളെ തള്ളിക്കളയുക എന്നത് സത്യവിശ്വാസികൾക്ക് ചേർന്നതല്ല. പ്രവാചകന്റെ പേരിൽ ഇല്ലാത്ത കാര്യങ്ങൾ കെട്ടിച്ചമച്ച് പറയുവാനും പാടില്ല. അത് വലിയ അപരാധമാകുന്നു.

## ഈത്തപ്പനമുട്ടി തേങ്ങിക്കരഞ്ഞ സംഭവം

നബിﷺ കയറിനിന്നു പ്രസംഗിച്ചിരുന്ന മിമ്പറായിരുന്നു ഒരു ഈത്തപ്പനമുട്ടി. അത് ഒരിക്കൽ കരയുകയുണ്ടായി. ആ സംഭവം ഇബ്‌നു ഉമർ൪ നമുക്ക് പറഞ്ഞുതരുന്നുണ്ട്.

ഇബ്‌നു ഉമറി൪ൽനിന്ന് നിവേദനം: "നബിﷺ ഒരു (ഈത്തപ്പന) തടിയിലായിരുന്നു ഖുത്വുബ നടത്തിയിരുന്നത്. (അങ്ങനെ) അവിടുന്ന് (മറ്റൊരു) മിമ്പർ സ്വീകരിക്കുകയും അതിലേക്ക് (ഖുത്വുബ) തിരിക്കുകയും ചെയ്തു. അങ്ങനെ (ആ) മരത്തടി തേങ്ങിക്കരയാൻ തുടങ്ങി. അപ്പോൾ നബിﷺ അതിന്റെ അടുത്ത് ചെല്ലുകയും തന്റെ കൈകൊണ്ട് അതിൽ തടവുകയും ചെയ്തു" (ബുഖാരി).

നബിﷺ ആദ്യകാലത്ത് ഒരു ഈത്തപ്പനയുടെ മുട്ടിയിൽ കയറിനിന്നായിരുന്നു ഖുത്വുബ നടത്തിയിരുന്നത്. പിന്നീട് മൂന്ന് പടികളുള്ള ഒരു മിമ്പർ നബിﷺക്ക് വേണ്ടി നിർമിക്കപ്പെട്ടു. അങ്ങനെ പുതിയ മിമ്പർ പള്ളിയിൽ എത്തിയപ്പോൾ പഴയ മിമ്പർ പള്ളിയുടെ ഒരു മൂലയിലേക്ക് മാറ്റി. എന്നിട്ട് പുതിയ മിമ്പറിൽ ഖുത്വുബ നടത്തുകയാണ് നബിﷺ. അപ്പോഴതാ ചെറിയകുട്ടി തേങ്ങിക്കരയുന്നതുപോലെ ആ പഴയ മിമ്പർ തേങ്ങിക്കരയുന്നു! ആ ശബ്ദം സ്വഹാബിമാർ കേൾക്കുകയുണ്ടായി എന്ന് മറ്റു റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. നബിﷺ ആ കരച്ചിൽ കേട്ടു. അദ്ദേഹം മിമ്പറിൽനിന്ന് താഴെയിറങ്ങി. എന്നിട്ട് പഴയ മിമ്പറിന്റെ അടുത്തേക്ക് ചെന്നു. അതിനെ തന്നിലേക്ക് അണച്ചുകൂട്ടി. കുട്ടികളെപ്പോലെ കരഞ്ഞിരുന്ന ആ മരത്തടി അതോടെ കരച്ചിൽ നിർത്തി. ഈ സംഭവം ഹദീസുകളിൽ സ്ഥിരപ്പെട്ടുവന്നതാണ്.

## ഒട്ടകം തേങ്ങിയ സംഭവം

മുഹമ്മദ് നബിﷺ ലോകത്തിന് കാരുണ്യമായിക്കൊണ്ടാണല്ലോ അയക്കപ്പെട്ടിരിക്കുന്നത്. ലോകത്തെ മുഴുവൻ ജീവികളോടും കാരുണ്യം കാണിച്ച മഹാനായിരുന്നു മുഹമ്മദ് നബിﷺ. നബിﷺയെ മിണ്ടാപ്രാണികൾക്ക് പോലും പരിചയമായിരുന്നു. അതിന് ഈ സംഭവം തെളിവാണ്:

അബ്ദുല്ലാഹിബ്‌നു ജഅ്ഫറി൪ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഒരു ദിവസം അല്ലാഹുവിന്റെ റസൂൽﷺ എന്റെ പുറകിൽ (വാഹനപ്പുറത്ത്) ഇരുന്ന് യാത്ര ചെയ്യുകയായിരുന്നു. അങ്ങനെ എനിക്ക് ഒരു സംഭവം ഏറെ കൗതുകമുള്ളതായി. അത് ഞാൻ ഒരാളോടും പറഞ്ഞിട്ടില്ല. നബിﷺ ആവശ്യനിർവഹണത്തിന് മറസ്വീകരിക്കുന്നതിന് ഉയർന്നസ്ഥലമോ അല്ലെങ്കിൽ ഈത്തപ്പന തൈകളോ ഇഷ്ടപ്പെടുമായിരുന്നു." അബ്ദുല്ലാഹ്൪ പറയുന്നു: "അങ്ങനെ നബിﷺ ഒരു അൻസ്വാരിയുടെ തോട്ടത്തിൽ കയറി. അപ്പോഴതാ ഒരു ഒട്ടകം; അത് നബിﷺയെ കണ്ടപ്പോൾ തേങ്ങിക്കരയുന്നു. അതിന്റെ കണ്ണുകൾ ഒലിക്കുന്നുമുണ്ട്. അങ്ങനെ നബിﷺ അതിന്റെ അടുത്ത് ചെന്നു. എന്നിട്ട് നബിﷺ അതിന്റെ ചെവിയുടെ അടുത്ത് തടവി. അപ്പോൾ അത് (കരച്ചിൽ) അടക്കി. അപ്പോൾ നബിﷺ ചോദിച്ചു: 'ആരാണ് ഈ ഒട്ടകത്തിന്റെ യജമാനൻ? ഈ ഒട്ടകം ആരുടെതാണ്?' അപ്പോൾ അൻസ്വാരിയായ ഒരു ചെറുപ്പക്കാരൻ വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെതാണ്.' അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു നിനക്ക് ഉടമപ്പെടുത്തിത്തന്ന ഈ മൃഗത്തിന്റെ കാര്യത്തിൽ നിനക്ക് അല്ലാഹുവിനെ സൂക്ഷിച്ചുകൂടേ? കാരണം, നീ അതിനെ പട്ടിണിക്കിടുന്നുണ്ടെന്നും നീ അതിനെ ഭാരിച്ച ജോലി ചെയ്യിച്ച് പ്രയാസപ്പെടുത്തുന്നുണ്ടെന്നും അത് എന്നോട് ആവലാതി ബോധിപ്പിച്ചിരിക്കുന്നു."

മറ്റൊരു സംഭവം കാണുക: ജാബിറുബ്‌നു അബ്ദില്ലാഹി൪ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "ഞങ്ങൾ നബിﷺയുടെ കൂടെ ഒരു യാത്രക്ക് മുന്നിട്ടു. അങ്ങനെ ഞങ്ങൾ ബനൂനജ്ജാറുകാരുടെ ഒരു തോട്ടത്തിന്റെ അടുത്തെത്തുന്നതുവരെ (യാത്ര തുടർന്നു). അപ്പോഴതാ അതിൽ ഒരു ഒട്ടകം. ആ തോട്ടത്തിൽ (ആ ഒട്ടകം കാരണത്താൽ) ബുദ്ധിമുട്ടിയിട്ടല്ലാതെ ഒരാളും കയറുകയില്ല." ജാബിർ൪ പറഞ്ഞു: 'അപ്പോൾ അവർ നബിﷺയോട് അതിനെപ്പറ്റി പറഞ്ഞു. അങ്ങനെ നബിﷺ ആ

> **നബിﷺ ആദ്യകാലത്ത് ഒരു ഈത്തപ്പനയുടെ മുട്ടിയിൽ കയറിനിന്നായിരുന്നു ഖുത്വുബ നടത്തിയിരുന്നത്. പിന്നീട് മൂന്ന് പടികളുള്ള ഒരു മിമ്പർ നബിﷺക്ക് വേണ്ടി നിർമിക്കപ്പെട്ടു. അങ്ങനെ പുതിയ മിമ്പർ പള്ളിയിൽ എത്തിയപ്പോൾ പഴയ മിമ്പർ പള്ളിയുടെ ഒരു മൂലയിലേക്ക് മാറ്റി. എന്നിട്ട് പുതിയ മിമ്പറിൽ ഖുത്വുബ നടത്തുകയാണ് നബിﷺ. അപ്പോഴതാ ചെറിയകുട്ടി തേങ്ങിക്കരയുന്നതുപോലെ ആ പഴയ മിമ്പർ തേങ്ങിക്കരയുന്നു! ആ ശബ്ദം സ്വഹാബിമാർ കേൾക്കുകയുണ്ടായി എന്ന് മറ്റു റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്.**

തോട്ടത്തിന്റെ അടുത്ത് വന്നു. എന്നിട്ട് ആ ഒട്ടകത്തെ അവിടുന്ന് വിളിച്ചു. അപ്പോൾ അത് അതിന്റെ ചുണ്ട് നിലത്ത് വെക്കുന്ന അവസ്ഥയിലായി വന്നു. അങ്ങനെ അത് നബിﷺയുടെ മുന്നിൽ മുട്ടുകുത്തി.'' ജാബിർ﵁ പറയുന്നു: ''അപ്പോൾ നബിﷺ പറഞ്ഞു: 'അതിന്റെ കടിഞ്ഞാൺ കൊണ്ടുവരൂ.' അങ്ങനെ നബിﷺ അതിന് കടിഞ്ഞാണിടുകയും അതിന്റെ ഉടമസ്ഥനിലേക്ക് അതിനെ നൽകുകയും ചെയ്തു.'' ജാബിർ﵁ പറഞ്ഞു: ''പിന്നീട് നബിﷺ ജനങ്ങളിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: 'നിശ്ചയം, ആകാശഭൂമികൾക്കിടയിൽ അനുസരണക്കേടുകാരായ ജിന്നുകളും മനുഷ്യരുമല്ലാതെ യാതൊന്നും തന്നെ ഞാൻ അല്ലാഹുവിന്റെ റസൂലാണ് എന്ന് അറിയാത്തതായില്ല'' (അഹ്മദ്).

ആ തോട്ടത്തിൽ ആര് പ്രവേശിക്കുമ്പോഴും അതിന്റെ ഉപദ്രവം സഹിക്കേണ്ടിവരുമായിരുന്നു. നബിﷺ അതിനെ വിളിച്ചു. അപ്പോഴതാ അത് സ്നേഹത്തോടെ ചുണ്ട് നിലത്ത് തട്ടാവുന്ന വിധത്തിൽ തലതാഴ്ത്തി നബിﷺയുടെ അടുത്തേക്ക് വരുന്നു! അങ്ങനെ മുമ്പിൽ വന്ന് അത് മുട്ടുകുത്തി നിന്നു. നബിﷺ അതിന് മൂക്കുകയർ ഇടുകയും അതിന്റെ ഉടമസ്ഥനെ ഏൽപിക്കുകയും ചെയ്തു. ആകാശ ഭൂമികൾക്കിടയിൽ എല്ലാ വസ്തുക്കളും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ പ്രവാചകനാണ് എന്ന് മനസ്സിലാക്കുന്നുണ്ടെന്നും ധിക്കാരികളും അനുസരണം കെട്ടവുമായ മനുഷ്യരും ജിന്നുകളും മാത്രമാണ് ഈ കാര്യം മനസ്സിലാക്കാത്തതെന്നും അവിടുന്ന് പറയുകയുമുണ്ടായി.

## മരങ്ങളിലും പഴങ്ങളിലും നബിﷺയുടെ മുഅ്ജിസത്ത് പ്രകടമാകുന്നു

ഇബ്നു ഉമറി﵁ൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ''ഞങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ കൂടെ ഒരു യാത്രയിലായിരുന്നു. അങ്ങനെ ഒരു അഅ്റാബി (ഞങ്ങളുടെ അടുത്തേക്ക്) വന്നു. അദ്ദേഹം അടുത്തെത്തിയപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ ചോദിച്ചു: 'എവിടേക്കാണ് താങ്കൾ ഉദ്ദേശിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'എന്റെ കുടുംബത്തിലേക്ക്.' നബിﷺ ചോദിച്ചു: 'താങ്കൾക്ക് വല്ല നന്മയും വേണോ?' അദ്ദേഹം ചോദിച്ചു: 'അതെന്താണ്?' നബിﷺ പറഞ്ഞു: 'അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനാകുന്നു എന്നും അവന് യാതൊരു പങ്കുകാരനുമില്ലെന്നും തീർച്ചയായും മുഹമ്മദ് അവന്റെ അടിമയും ദൂതനുമാണെന്നും നീ സാക്ഷ്യം വഹിക്കുക.' അപ്പോൾ അദ്ദേഹം ചോദിച്ചു: 'താങ്കൾ പറയുന്നതിന് ആരെല്ലാം സാക്ഷ്യം വഹിക്കും.' നബിﷺ പറഞ്ഞു: 'ഈ സലമ (വൃക്ഷം).' (താഴ്വരകളിൽ കാണുന്ന ഒരു വൃക്ഷമാണത്). അങ്ങനെ ആ താഴ്വരയിലുണ്ടായിരുന്ന ആ വൃക്ഷത്തെ അല്ലാഹുവിന്റെ റസൂൽﷺ വിളിച്ചു. അപ്പോൾ അത് ഭൂമിയിലേക്ക് ചാഞ്ഞുവന്നു. അങ്ങനെ അത് നബിﷺയുടെ മുന്നിൽ വന്നുനിന്നു. അതിനോട് മൂന്നുതവണ സാക്ഷ്യം വഹിക്കാൻ നബിﷺ ആവശ്യപ്പെട്ടു. നബിﷺ പറഞ്ഞത് പോലെ അത് മൂന്നുതവണ സാക്ഷ്യം വഹിച്ചു. പിന്നീട് അത് വളരുന്ന സ്ഥലത്തേക്ക് തന്നെ മടങ്ങി. അഅ്റാബി തന്റെ സമൂഹത്തിലേക്കും മടങ്ങി. അദ്ദേഹം (ഇങ്ങനെ) പറയുകയും ചെയ്തു: 'അവർ എന്നെ പിന്തുടരുന്നുവെങ്കിൽ അവരെ(എന്റെ സമൂഹത്തെ)യും കൊണ്ട് ഞാൻ താങ്കളുടെ അടുത്ത് വരുന്നതാണ്. അല്ലെങ്കിൽ ഞാൻ മടങ്ങി വരികയും നിങ്ങളുടെ കൂടെ ഞാൻ ഉണ്ടായിരിക്കുന്നതുമാണ്'' (ദാരിമി).

നബിﷺയിലൂടെ അല്ലാഹു പ്രകടമാക്കിയ അത്ഭുതങ്ങൾ കണ്ട പലർക്കും അവ മുഹമ്മദ് നബിയെ അറിയാനും ഇസ്ലാം പുൽകുവാനും നിമിത്തമായിട്ടുണ്ട്. എന്ത് അത്ഭുതങ്ങൾ കണ്ടാലും അതിനെയെല്ലാം കളിയാക്കിയും പരിഹസിച്ചും നിഷേധാത്മക മനോഭാവം കാണിച്ചവരും ഉണ്ടായിട്ടുണ്ട്.

വൃക്ഷവുമായി ബന്ധപ്പെട്ട ഒരു അത്ഭുതം നാം കണ്ടല്ലോ. അത് കണ്ട ഗ്രാമീണനായ അറബി ശഹാദത്ത് ചൊല്ലി ഇസ്ലാമിലേക്ക് വന്നതും തന്റെ സമൂഹത്തെ ഈ സത്യം അറിയിച്ച് അതിലേക്ക് ക്ഷണിക്കാൻ വെമ്പൽകൊണ്ടതും നാം മനസ്സിലാക്കി.

വൃക്ഷവുമായി ബന്ധപ്പെട്ട മറ്റൊരു അത്ഭുതം കൂടി കാണുക. സ്വഹാബിമാർ നമുക്ക് അത് പറഞ്ഞുതരുന്നത് ഇപ്രകാരമാണ്:

''വിശാലമായ ഒരു താഴ്വരയിൽ ഇറങ്ങുന്നതുവരെ അല്ലാഹുവിന്റെ റസൂലിﷺന്റെ കൂടെ ഞങ്ങൾ യാത്ര ചെയ്തു. അങ്ങനെ റസൂൽﷺ തന്റെ ആവശ്യനിർവഹണത്തിനായി പോയി. അപ്പോൾ ഞാൻ വെള്ളപ്പാത്രവുമായി അവിടുത്തെ അനുഗമിച്ചു. അങ്ങനെ റസൂൽﷺ (മറ സ്വീകരിക്കാനായി മറ) നോക്കി. എന്നാൽ മറ സ്വീകരിക്കാൻ യാതൊന്നുംതന്നെ അവിടുന്ന് കണ്ടില്ല. അപ്പോഴതാ താഴ്വരയിൽ രണ്ട് വൃക്ഷങ്ങൾ! റസൂൽﷺ അതിൽ ഒന്നിന്റെ അടുത്തേക്ക് പോയി. എന്നിട്ട് അതിൽനിന്നും ഒരു കൊമ്പ് പിടിച്ചു; എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ അനുമതി പ്രകാരം നീ എന്റെകൂടെ വരിക.' അങ്ങനെ അത് മൂക്കുകയറിട്ട ഒട്ടകത്തെ പോലെ (അതിനെ തെളിച്ച്

കൊണ്ടുപോകുന്നവൻ തെളിച്ച് കൊണ്ടുപോകുമ്പോൾ പോകുന്നത് പോലെ) അദ്ദേഹത്തിന്റെ കൂടെ അത് അനുസരണയോടെ പോകുന്നു. (അങ്ങനെ) മറ്റൊരു മരത്തിന്റെ അടുത്തേക്ക് നബിﷺ ചെന്നു. അതിന്റെയും ഒരു കൊമ്പ് പിടിച്ചു. എന്നിട്ട് അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ അനുമതി പ്രകാരം നീ എന്റെ കൂടെ വരിക.' അങ്ങനെ അതും അതുപോലെ അദ്ദേഹത്തിന്റെ കൂടെ പോകാൻ തുടങ്ങി. (അങ്ങനെ അവ) രണ്ടിന്റെയും മധ്യത്തിൽ ആയപ്പോൾ (അവയെ) അവയുടെ ഇടയിൽ ചായ്ച്ചു -അതായത് അവ രണ്ടിനെയും ഒരുമിപ്പിച്ചു; എന്നിട്ട് നബിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ അനുമതി പ്രകാരം എന്റെമേൽ നിങ്ങൾ ഇരുവരും ഒന്നിക്കുക. അപ്പോൾ അവ രണ്ടും ഒന്നിക്കുകയുണ്ടായി...'' (മുസ്‌ലിം).


മറ്റൊരു സംഭവം കൂടി കാണുക: ഇബ്നു അബ്ബാസിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിﷺന്റെ അടുത്തേക്ക് ഒരു അഅ്റാബി വരികയുണ്ടായി. എന്നിട്ട് അയാൾ നബിﷺയോട് ചോദിച്ചു: 'താങ്കൾ പ്രവാചകനാണെന്ന് ഞാൻ എന്തുകൊണ്ടാണ് മനസ്സിലാക്കുക?' നബിﷺ ചോദിച്ചു: 'ഞാൻ ഈ ഈത്തപ്പനയിൽനിന്ന് ഈ ഈത്തപ്പഴക്കുലയെ വിളിച്ചാൽ (അത് എന്നിലേക്ക് വന്നാൽ) ഞാൻ അല്ലാഹുവിന്റെ റസൂലാണ് എന്ന് നീ സാക്ഷ്യം വഹിക്കുമോ?' അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ അതിനെ വിളിച്ചു. അപ്പോൾ അത് ഈത്തപ്പനയിൽനിന്ന് ഇറങ്ങുന്നതായി. (അങ്ങനെ അത്) നബിﷺയുടെ അടുത്തേക്ക് വീഴുന്നതുവരെ(യായി). പിന്നീട് നബിﷺ പറഞ്ഞു: 'നീ മടങ്ങിപ്പോകുക.' അപ്പോൾ അത് അവിടേക്ക് തന്നെ മടങ്ങി. അങ്ങനെ ഗ്രാമീണൻ മുസ്‌ലിമാവുകയും ചെയ്തു"(തിർമിദി).

അത്ഭുതകരമായ ഈ സംഭവങ്ങളൊന്നും നബിﷺക്ക് ഇഷ്ടാനുസരണം ചെയ്യാൻ കഴിയുന്നതായിരുന്നില്ല. ഇതെല്ലാം അല്ലാഹു നബിﷺയിലൂടെ പ്രകടമാക്കിയ മുഅ്ജിസതുകളായിരുന്നു.

പർവതം നബിയോട് അനുസരണം കാണിച്ച സംഭവം കാണുക:

അനസ് ഇബ്നു മാലികിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺ ഉഹ്ദ് മലയിലേക്ക് കയറി. കൂടെ അബൂബക്ർؓ, ഉമർؓ, ഉസ്മാൻؓ എന്നിവർ ഉണ്ടായിരുന്നു. അങ്ങനെ (അത്) അവരെയും കൊണ്ട് ഒന്നു കുലുങ്ങി. അപ്പോൾ നബിﷺ തന്റെ കാലുകൊണ്ട് അതിനെ ഒന്ന് ചവിട്ടി. (ഇപ്രകാരം) പറയുകയും ചെയ്തു: 'ഉഹ്ദ്...! അടങ്ങുക. നിനക്ക് മുകളിൽ ഒരു പ്രവാചകനും ഒരു സിദ്ദീകും രണ്ടു ശഹീദുകളുമല്ലാതെയില്ല"(ബുഖാരി).

ഇതും നബിﷺയിലൂടെ അല്ലാഹു വെളിപ്പെടുത്തിയ അത്ഭുതമായിരുന്നു. ആകാശഭൂമിക്കിടയിലെ എല്ലാ വസ്തുവിനും നബിﷺയെ അറിയാം എന്ന പ്രവാചക വചനം ഇവിടെ ചേർത്തുവായിക്കേണ്ടതാകുന്നു.




ഈ സംഭവത്തിൽ അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ ഒരു പ്രവചനവും അവിടുന്ന് നടത്തി. നാലു പേരിൽ ഒന്ന് നബിയാണ്, ഒന്ന് സിദ്ദീക്വും മറ്റു രണ്ടുപേർ അല്ലാവിന്റെ മാർഗത്തിലെ രക്തസാക്ഷികളുമാണ് എന്നായിരുന്നു അവിടുന്ന് ഉഹ്ദിനോട് പറഞ്ഞിരുന്നത്. നബിയും സിദ്ദീക്വും ആരാണ് എന്നത് സ്പഷ്ടമാണല്ലോ. നബിﷺ എന്ത് പറയുന്നതും അതേപടി വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്തതിനാൽ നബിﷺ തന്നെ അബൂബക്റിؓന് നൽകിയ സ്ഥാനപ്പേരായിരുന്നല്ലോ സിദ്ദീക് (സത്യസന്ധൻ) എന്നത്. അപ്പോൾ രണ്ട് ശഹീദുകൾ എന്നു പറഞ്ഞത് ഉമറിؓനെയും ഉസ്മാനെؓയും പറ്റിയാണ്. അതൊരു പ്രവചനമായിരുന്നു. അത് അപ്രകാരം തന്നെ പുലർന്നതായാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

നബിﷺയുടെ കാലശേഷം അബൂബക്ർؓ രണ്ടര വർഷത്തോളം ഖലീഫഃയായിരുന്നു. അതിന് ശേഷം പത്ത് വർഷത്തോളം ഉമറുംؓ ഇസ്‌ലാമിന്റെ ഖലീഫയായിരുന്നു. ഉമറിؓന്റെ അന്ത്യം നബിﷺ വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചതുപോലെ തന്നെ ശഹീദായിട്ടായിരുന്നു. ഹിജ്റ 22ന് ഉമർؓ ഹജ്ജ് നിർവഹിച്ച് മദീനയിൽ തിരിച്ചെത്തി. അങ്ങനെ ദുൽഹിജ്ജ 27ന് ഫജ്ർ നമസ്കാരത്തിനായി പള്ളിയിൽ എത്തി. ഉറങ്ങുന്നവരെയെല്ലാം വിളിച്ചുണർത്തിയായിരുന്നു ആ മഹാൻ പള്ളിയിലേക്ക് എത്തിയിരുന്നത്. നമസ്കാരം തുടങ്ങാൻ നേരമായി. ഇമാമായി നിൽക്കാൻ അമീറുൽ മുഅ്മിനീൻ മുന്നോട്ട് വന്നു. സ്വഫ്ഫ് ശരിപ്പെടുത്തി. അദ്ദേഹം തന്റെ

കൈയിൽ ഉണ്ടായിരുന്ന ഒരു ചെറിയ വടികൊണ്ട് സ്വഫ്ഫിൽനിന്ന് തെറ്റിനിൽക്കുന്നവരെ ശരിപ്പെടുത്തുമായിരുന്നു. തന്റെ അവസാനത്തെ നമസ്കാരത്തിന് ഇമാമായി നിൽക്കുമ്പോഴും അണിയുടെ കാര്യം അവിടുന്ന് പതിവുപോലെ ശ്രദ്ധിച്ചു. നമസ്കാരം തുടങ്ങിയതും ഇരുട്ടിന്റെ മറവിൽ ഒളിച്ചിരുന്ന ശത്രു അദ്ദേഹത്തിനുമേൽ ചാടിവീണു. അവന്റെ കൈയിൽ ഇരുതല മൂർച്ചയുള്ള കഠാരയുണ്ടായിരുന്നു. അതുമായി പള്ളിയുടെ ഏതോ ഭാഗത്ത് അവൻ ഒളിച്ചിരിപ്പുണ്ടായിരുന്നു. (നൂറുകണക്കിന് മഹാന്മാരായ സ്വഹാബിമാരടങ്ങുന്ന മഹാന്മാർ പള്ളിയിൽ ഹാജറുണ്ട്. ഒരാൾക്കും ഈ മറഞ്ഞ കാര്യം അറിയാൻ സാധിച്ചില്ല എന്നത് ഇവിടെ മനസ്സിലാക്കുക). ഇന്നത്തെ പോലെ വൈദ്യുതിയൊന്നും അന്ന് ഇല്ലല്ലോ. ഏതെങ്കിലും ഭാഗത്ത് റാന്തൽ വിളക്ക് പോലുള്ള വല്ലതുമാകും അന്നുണ്ടാവുക. ആ ഇരുട്ട് ശത്രു മുതലെടുത്തു. അവൻ പേർഷ്യക്കാരനായ അബൂലുഅ്‌ലുഅത്ത് എന്ന് പേരുള്ള ഒരു മജൂസിയായിരുന്നു. ഉമറിؓന്റെ ഭരണകാലത്ത് പേർഷ്യ ജയിച്ചടക്കുകയും ധാരാളംപേർ ഇസ്‌ലാമിലേക്ക് വരാൻ അത് കാരണമാവുകയും ചെയ്തിട്ടുണ്ടായിരുന്നു. പേർഷ്യയുടെ പല രാജാക്കന്മാരുടെയും കസേരകൾ ഉമറിؓന്റെ ഇസ്‌ലാമിക പ്രബോധനത്തിലൂടെ തെറിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇവർക്കെല്ലാം അദ്ദേഹത്തോട് ശക്തമായ വിരോധം ഉണ്ടായിരുന്നു. അത് അവരിൽ തിളച്ചുമറിയാൻ തുടങ്ങി. അവരാണ് ഉമറിؓനെ വധിക്കാൻ ഈ ദുഷ്ടനെ ഏർപ്പാട് ചെയ്തത്.

ഉമർؓ നമസ്കാരത്തിൽ പ്രവേശിച്ചു. ഇരുതല മൂർച്ചയുള്ള കഠാരകൊണ്ട് ഉമറിؓനെ അവൻ കുത്തി. വയറ്റിൽ മൂന്നുതവണ കുത്തി. കുടൽമാലകൾ പുറത്തേക്ക് വരും വിധത്തിൽ ശക്തമായതായിരുന്നു മൂന്നാമത്തെ കുത്ത്. പുറകിൽ നിൽക്കുന്നവർ ഘാതകനെ കീഴ്പെടുത്താൻ ശ്രമിച്ചു. പിടിക്കപ്പെടുമെന്ന് ബോധ്യമായപ്പോൾ അവൻ ആ കഠാര കൊണ്ട് തന്നെ സ്വയം കുത്തി ആത്മഹത്യ ചെയ്യുകയാണ് ചെയ്തത്. അതിന് മുമ്പ് അവനെ പിടിക്കാൻ ശ്രമിച്ച സ്വഹാബിമാരിൽ പന്ത്രണ്ടോളം പേരെ അവൻ കുത്തിയിരുന്നു.

മദീനയിലെ റസൂലിﷺന്റെ പള്ളിയിൽ ഒരുനേരം പോലും ജമാഅത്ത് നമസ്കാരം മുടങ്ങിയിട്ടില്ല. തന്റെ കാര്യത്തിൽ ശ്രദ്ധിക്കുന്ന ജനങ്ങൾ ജമാഅത്ത് നമസ്കാരത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാതെ അത് പാഴാക്കിക്കളയുമോ എന്നോർത്ത് പുറത്തേക്ക് തള്ളിയ കുടൽമാലകൾ ഉള്ളിലേക്ക് തള്ളി, വേദന കടിച്ചമർത്തിയ ഉമർؓ അബ്ദുറഹ്മാനുബ്നു ഔഫിؓനോട് വേഗം ജമാഅത്ത് തുടങ്ങാൻ കൽപിക്കുന്നു. അങ്ങനെ അദ്ദേഹം ജനങ്ങളെയും കൂട്ടി ചെറിയ സൂറത്തുകൾ ഓതി നമസ്കരിച്ചു. ഉമർؓ അപ്പോഴേക്ക് ബോധരഹിതനായി മാറിയിരുന്നു. ബോധരിഹിതനായി കിടന്നപ്പോഴും ആരോ ഒരാൾ അമീറുൽ മുഅ്മിനീൻ... നിസ്കാരം.. എന്ന് വിളിച്ച് പറഞ്ഞപ്പോൾ... പെട്ടെന്ന് എഴുന്നേറ്റ് നിസ്കരിച്ചു എന്നാണ് ചരിത്രം നമ്മോട് പറയുന്നത്.

ദാരുണാവസ്ഥയിൽ കിടക്കുന്ന അമീറുൽ മുഅ്മിനീനെ വാരിയെടുക്കാൻ അന്ന് പള്ളിയിൽ ഭാര്യയായ ആതികؓയും മകൻ അബ്ദുല്ലؓയും ഉണ്ടായിരുന്നു. (പെണ്ണിന് പള്ളിയിൽ ജമാഅത്ത് നമസ്കാരത്തിന് പുറപ്പെടാൻ പറ്റുമോ എന്ന് സംശയിക്കുന്നവർ ശ്രദ്ധിക്കുക).

ഉമർؓ തന്റെ വഫാത്തിന് മുമ്പ് ആരാണ് തന്നെ കുത്തിയത് എന്ന് അന്വേഷിക്കുന്നു. ചുറ്റുമുണ്ടായിരുന്ന സ്വഹാബിമാർ മജൂസിയായ അബൂലുഅ്‌ലുഅയാണ് അങ്ങയെ കുത്തിയത് എന്ന് പറഞ്ഞുകൊടുത്തു. ഉമർؓ പറഞ്ഞു: 'അൽ ഹംദുലില്ലാഹ്. അങ്ങനെ ഞാൻ നബിﷺ മുമ്പേ പ്രവചിച്ചത് പോലെ ശഹീദാകുകയാണ്.'

നീതിയുടെ പര്യായമായിരുന്നു ഉമർؓ. ഖലീഫ ഉമറിന്റെ ഭരണത്തെ കൊതിച്ച അമുസ്‌ലിംകൾ പോലും ഉണ്ടായിട്ടുണ്ട്. മഹാനും ശ്രേഷ്ഠനുമായ ഉമറിؓനെ ലോകം വാനോളം പുകഴ്ത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഘാതകൻ; ദുഷ്ടനായ അബൂലുഅ്‌ലുഅതിനെ നികൃഷ്ടനും തെമ്മാടിയുമായി ലോകമുസ്‌ലിംകൾ കണക്കാക്കുമ്പോൾ ചിലരെക്കുറിച്ച് നാം ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അവർക്ക് അവൻ ബഹുമാന്യനും വാഴ്ത്തപ്പെട്ടവനുമാണ്. അവർ അവന്റെ ക്വബ്ർ കെട്ടി ഉയർത്തുകയും അവിടെ വിളക്ക് കത്തിക്കുകയും ചെയ്ത് അവനോട് സങ്കടം പറയുന്നു. ഉമറിؓനെ ആ മജൂസി കുത്തിയ ദിവസത്തെ സന്തോഷത്തിന്റെ ദിനമായി അവർ ആചരിക്കുന്നു. അവനെ ധീരനായി വാഴ്ത്തുന്നു. ഇതെല്ലാം ചില മുസ്‌ലിം നാമധാരികളുടെ ചെയ്തികളാണ് എന്നത് നാം ഓർക്കുക. വെബ്സൈറ്റിൽ സെർച്ച് ചെയ്താൽ അവന്റെ ക്വബ്റും അവിടെ നടക്കുന്ന പ്രവൃത്തികളുടെ ഫോട്ടോയും നമുക്ക് കാണാവുന്നതാണ്. **(തുടരും)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 55, ഭാഗം 2

# അർറ്വഹ്മാൻ (പരമകാരുണികൻ)

(മദീനയിൽ അവതരിച്ചത്)

16. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

17. രണ്ട് ഉദയസ്ഥാനങ്ങളുടെ രക്ഷിതാവും രണ്ട് അസ്തമയ സ്ഥാനങ്ങളുടെ രക്ഷിതാവുമാകുന്നു അവൻ.

18. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

19. രണ്ട് കടലുകളെ (ജലാശയങ്ങളെ) തമ്മിൽ കൂടിച്ചേരത്തക്കവിധം അവൻ അയച്ചുവിട്ടിരിക്കുന്നു.

20. അവ രണ്ടിനുമിടക്ക് അവ അന്യോന്യം അതിക്രമിച്ച് കടക്കാതിരിക്കത്തക്കവിധം ഒരു തടസ്സമുണ്ട്.

21. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

22. അവ രണ്ടിൽനിന്നും മുത്തും പവിഴവും പുറത്തുവരുന്നു.

23. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

24. സമുദ്രത്തിൽ (സഞ്ചരിക്കുവാൻ) മലകൾ പോലെ പൊക്കി ഉണ്ടാക്കപ്പെടുന്ന കപ്പലുകളും അവന്റെ നിയന്ത്രണത്തിലാകുന്നു.

25. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ١٦
رَبُّ ٱلْمَشْرِقَيْنِ وَرَبُّ ٱلْمَغْرِبَيْنِ ١٧
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ١٨
مَرَجَ ٱلْبَحْرَيْنِ يَلْتَقِيَانِ ١٩
بَيْنَهُمَا بَرْزَخٌ لَّا يَبْغِيَانِ ٢٠
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢١
يَخْرُجُ مِنْهُمَا ٱللُّؤْلُؤُ وَٱلْمَرْجَانُ ٢٢
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢٣
وَلَهُ ٱلْجَوَارِ ٱلْمُنشَـَٔاتُ فِى ٱلْبَحْرِ كَٱلْأَعْلَـٰمِ ٢٤
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ٢٥

26. അവിടെ(ഭൂമുഖത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു.

27. മഹത്ത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്.

28. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

29. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ അവനോട് ചോദിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു.

30. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

31. ഹേ; ഭാരിച്ച രണ്ട് സമൂഹങ്ങളേ, നിങ്ങളുടെ കാര്യത്തിനായി നാം ഒഴിഞ്ഞിരിക്കുന്നതാണ്.

32. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

33. ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്ത് കടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്ന പക്ഷം നിങ്ങൾ കടന്നുപോയിക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നു പോകുകയില്ല.

34. അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവിന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?

كُلُّ مَنۡ عَلَيۡهَا فَانٖ ﴿٢٦﴾
وَيَبۡقَىٰ وَجۡهُ رَبِّكَ ذُو ٱلۡجَلَٰلِ وَٱلۡإِكۡرَامِ ﴿٢٧﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٢٨﴾
يَسۡـَٔلُهُۥ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ كُلَّ يَوۡمٍ هُوَ فِي شَأۡنٖ ﴿٢٩﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٠﴾
سَنَفۡرُغُ لَكُمۡ أَيُّهَ ٱلثَّقَلَانِ ﴿٣١﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٢﴾
يَٰمَعۡشَرَ ٱلۡجِنِّ وَٱلۡإِنسِ إِنِ ٱسۡتَطَعۡتُمۡ أَن تَنفُذُواْ مِنۡ
أَقۡطَارِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ فَٱنفُذُواْۚ
لَا تَنفُذُونَ إِلَّا بِسُلۡطَٰنٖ ﴿٣٣﴾
فَبِأَيِّ ءَالَآءِ رَبِّكُمَا تُكَذِّبَانِ ﴿٣٤﴾

16. മനുഷ്യരുടെയും ജിന്നുകളുടെയും സൃഷ്ടിപ്പിനുപയോഗിച്ച വസ്തുക്കളെക്കുറിച്ചു പറഞ്ഞത്, അവർക്ക് അല്ലാഹു ചെയ്തുകൊടുത്ത ഒരു അനുഗ്രഹമെന്ന നിലക്കാണ്. (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?).

17,18. രണ്ട് കടലുകൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ശുദ്ധജലമുള്ള കടലും ഉപ്പുജലമുള്ള കടലുമാണ്. അവ രണ്ടും പരസ്പരം കൂടിച്ചേർന്നുകൊണ്ടിരിക്കുന്നു. അപ്പോൾ ഉപ്പുകടലിൽ ശുദ്ധജലം പതിക്കുന്നു. അവരണ്ടും കൂടിച്ചേരുകയും കൂടിക്കലരുകയും ചെയ്യുന്നു. എന്നാൽ അല്ലാഹു ഭൂമിക്കുള്ളിൽ അവക്കിടയിലൊരു മറയുണ്ടാക്കി. ഒന്ന് മറ്റൊന്നിലേക്ക് കടക്കുന്നില്ല. രണ്ടിന്റെയും പ്രയോജനം ലഭിക്കുന്നു. ശുദ്ധജലത്തിൽനിന്ന് അവർ കുടിക്കുന്നു. അവരുടെ മരങ്ങളും കൃഷികളും വിളകളും (ആ വെള്ളം) കുടിക്കുന്നു. ഉപ്പുജലം; അതുമൂലം വായു ശുദ്ധമാവുന്നു. മത്സ്യങ്ങൾ പ്രസവിച്ചുണ്ടാകുന്നു. മുത്തുകളും പവിഴങ്ങളും ഉണ്ടാകുന്നു. വാഹനങ്ങൾക്കും കപ്പലുകൾക്കും ഒരു താവളമായിത്തീരുകയും ചെയ്യുന്നു. അതാണ് അല്ലാഹു പറയുന്നത്: (സമുദ്രത്തിൽ മലകൾപോലെ പൊക്കിയുണ്ടാക്കപ്പെടുന്ന കപ്പലുകളും അവന്റെ നിയന്ത്രണത്തിലാകുന്നു).

24,25. അതായത് അല്ലാഹുവിന്റെ അനുമതിപ്രകാരം കടലിനെ പിളർത്തി കടന്നുപോകുന്ന (സഞ്ചരിക്കുന്ന) കപ്പലുകളെ തന്റെ അടിമക്ക് അല്ലാഹു കീഴ്പെടുത്തിക്കൊടുക്കും. മനുഷ്യരാണത് കെട്ടിയുണ്ടാക്കുന്നത്. അതിന്റെ വലിപ്പംകൊണ്ടും ആകാരംകൊണ്ടും അത് വലിയ മലകളെപ്പോലെയാണ്. അങ്ങനെ ജനങ്ങൾ അതിൽ സഞ്ചരിക്കുന്നു, വ്യ

ത്യസ്തമായ കച്ചവടച്ചരക്കുകളും ജീവിതാവശ്യത്തിനു വേണ്ട അത്യാവശ്യവസ്തുക്കളും അവരതിൽ വഹിക്കുന്നു. അങ്ങനെ കടലിൽ സംരക്ഷിക്കുന്നത് ആകാശഭുമികളെ സംരക്ഷിക്കുന്നവനാണ്. അത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?)

26-28. ഭൂമിക്ക് മുകളിലുള്ള എല്ലാ മനുഷ്യരും ജിന്നുകളും മറ്റു സൃഷ്ടികളും മൃഗങ്ങളുമെല്ലാം നശിക്കുകയും ഇല്ലാതാവുകയും ചെയ്യും. ഒരിക്കലും മരിക്കാത്ത, എന്നെന്നും ജീവിച്ചിരിക്കുന്നവൻ മാത്രം അവശേഷിക്കും. (മഹത്ത്വവും ഉദാരതയും ഉള്ളവനും) അതായത് അഹങ്കരിക്കാൻ അർഹതയും ശ്രേഷ്ഠതയുമുള്ളവൻ. (ഉദാരൻ) വിശാലമായ ഔദാര്യത്തിന്റെ ഉടമ. വ്യത്യസ്തമായ ഔദാര്യതകൾകൊണ്ട് തന്റെ പടപ്പുകളിൽ പ്രത്യേകക്കാർക്കും മിത്രങ്ങൾക്കും അവൻ നൽകുന്നു. അവർ അവന്റെ മിത്രങ്ങളും അവനെ മഹത്ത്വപ്പെടുത്തുകയും സ്നേഹിക്കുകയും അവനിലേക്ക് ഖേദിച്ച് മടങ്ങുകയും അവനെ ആരാധിക്കുകയും ചെയ്യുന്നവരാകുന്നു. (അപ്പോൾ നിങ്ങൾ ഇരുവിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്?)

29,30. സർവ പടപ്പുകളിൽനിന്നും അവൻ ആശ്രയമുക്തനാണ്. ഔദാര്യത്തിലും അനുഗ്രഹത്തിലും വിശാലനായവൻ. എല്ലാ സൃഷ്ടികളും അവനിലേക്ക് ആവശ്യമുള്ളവരാണ്. വാക്കുകൾകൊണ്ടും ജീവിത സാഹചര്യങ്ങൾകൊണ്ടും തങ്ങളുടെ മുഴുവൻ ആവശ്യങ്ങളും അവനോട് അവർ ചോദിച്ചുകൊണ്ടിരിക്കുന്നു. കണ്ണിമവെട്ടുന്ന സമയമോ അതിൽ കുറഞ്ഞ സമയമോ അവന്റെ സഹായമില്ലാതെ അവർക്ക് നിലനിൽക്കാനാവില്ല. അല്ലാഹു പറയുന്നു: (എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു) ദരിദ്രനെ അവൻ സമ്പന്നനാക്കുന്നു. ചിലർക്കവൻ നൽകുന്നു. ചിലർക്കവൻ തടയുന്നു. അവൻ മരിപ്പിക്കുന്നു. ജീവിപ്പിക്കുന്നു. താഴ്ത്തുന്നു, ഉയർത്തുന്നു. ഒരു കാര്യവും മറ്റൊരു കാര്യം ചെയ്യാൻ അവനൊരു തടസ്സമല്ല. പ്രശ്നങ്ങൾ അവനെ പ്രയാസപ്പെടുത്തുന്നില്ല. നിർബന്ധിക്കുന്നവൻ അവനെ മടുപ്പിക്കുന്നില്ല. അത്യധികമായി നൽകുന്നവൻ, മഹാപരിശുദ്ധൻ. അവന്റെ ദാനം ആകാശത്തും ഭുമിയിലുമുള്ള എല്ലാവർക്കുമുണ്ട്. അവന്റെ സ്നേഹം സർവസമയങ്ങളിലും നിമിഷങ്ങളിലും സർവസൃഷ്ടികളിലുമുണ്ട്, തെറ്റ് പ്രവർത്തിക്കുന്നവരുടെ തെറ്റ് നൽകുന്നതിൽനിന്ന് തടയാത്തവൻ. വിവരദോഷികളായ ദരിദ്രരുടെ ഐശ്വര്യം നടിക്കൽ അവന്റെ ഔദാര്യത്തെ തടയുന്നില്ല. ഈ കാര്യങ്ങളാണ് അല്ലാഹു പറയുന്നത്: (എല്ലാ ദിവസവും അവൻ കാര്യനിർവഹണത്തിലാകുന്നു).

ഇത് അവന്റെ വിധിനിശ്ചയങ്ങളാണ്; നിയന്ത്രണങ്ങളും. അതവൻ എന്നെന്നേക്കുമായി തീരുമാനിച്ചുവെച്ചതും വിധിച്ചതുമാണ്. എല്ലാം അല്ലാഹു അവന്റെ യുക്തിയുടെ തേട്ടമനുസരിച്ച് സമയാസമയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അതിൽ അവന്റെ കൽപനകളും വിരോധങ്ങളുമടങ്ങുന്ന മതനിയമങ്ങളുണ്ട്. ഈ ലോകത്ത് താമസിക്കുന്ന കാലമത്രയും തന്റെ അടിമകൾക്ക് സംഭവിക്കുന്ന ഖദ്റുകളും അതിലുണ്ട്. എല്ലാ സൃഷ്ടികളും പൂർണമായാൽ അവയെ നശിപ്പിക്കും; അവരിൽ അവൻ പ്രതിഫല വിധികൾ നടപ്പിലാക്കാൻ. അവർക്കറിയാവുന്ന, അവർ ഏകനാക്കുന്ന, അവർക്കേറെ നന്മയും ഔദാര്യവും നൽകുന്നവൻ. നീതി അവർക്ക് കാണിച്ചുകൊടുക്കുന്നതിന് വേണ്ടിയും പരീക്ഷയുടെയും പരീക്ഷണങ്ങളുടെയും ലോകത്തുനിന്ന് നിത്യജീവിതത്തിന്റെ ഭവനത്തിലേക്ക് നീക്കപ്പെടാനും. സമയമെത്തുമ്പോൾ വിധികൾ നടപ്പിലാക്കാനായി അല്ലാഹു ഒഴിഞ്ഞിരിക്കുന്നതാണ്.

31-32. ഈ ലോകത്ത് നിങ്ങൾ ചെയ്ത പ്രവർത്തനങ്ങൾക്ക് പ്രതിഫലം തരാനും നിങ്ങളെ വിചാരണ ചെയ്യാനും നാം ഒഴിഞ്ഞിരിക്കും.

33-34 ഉയിർത്തെഴുന്നേൽപിൽ അല്ലാഹു ഒരുമിച്ചുകൂട്ടുമ്പോൾ അവരുടെ അശക്തിയും ദുർബലതയും അവന്റെ അധികാരശക്തിയും കഴിവും ഉദ്ദേശ്യം നടപ്പിലാക്കുന്നതും ഇവിടെ അല്ലാഹു പറഞ്ഞ് തരുന്നു: (ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശത്തിന്റെയും ഭൂമിയുടെയും മേഖലകളിൽനിന്ന് പുറത്ത് കടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്നപക്ഷം നിങ്ങൾ കടന്നുപൊയ്ക്കൊള്ളുക) അല്ലാഹുവിന്റെ അധികാരാധിപത്യങ്ങളിൽ നിന്ന് പുറത്തുപോകാൻ വല്ല വഴിയും മാർഗവും നിങ്ങൾ കണ്ടെത്തുന്നുവെങ്കിൽ (നിങ്ങൾ കടന്ന് പോയികൊള്ളുക, ഒരധികാരം ലഭിച്ചിട്ടില്ലാതെ നിങ്ങൾ കടന്ന് പോകുകയില്ല) സമ്പൂർണ കഴിവും ആധിപത്യവും ശക്തിയുമില്ലാതെ നിങ്ങൾക്ക് പുറത്തുപോകാനാവില്ല. എങ്ങനെ അവർക്ക് കഴിയും? അവർ അവരുടെ സ്വന്തങ്ങൾക്ക് പോലും ഉപകാരത്തെയോ ഉപദ്രവത്തെയോ ജീവിതത്തെയോ മരണത്തെയോ ഉയിർത്തെഴുന്നേൽപിനെയോ ഉടമപ്പെടുത്തുന്നില്ല. ആ സന്ദർഭങ്ങളിൽ അവന്റെ അനുവാദം കൂടാതെ ഒരാളും സംസാരിക്കുകയില്ല. ആ നിർത്തത്തിൽ രാജാവും അടിമയും നേതാവും അനുയായിയും സമ്പന്നനും ദരിദ്രനുമെല്ലാം സമമായിരിക്കും.

ആ ദിവസത്തേക്ക് അവർക്ക് തയ്യാറാക്കിവെച്ചതിനെ കുറിച്ചാണ് അല്ലാഹു തുടർന്ന് പറയുന്നത്.

(തുടരും)

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം




# അഹ്‌ലൻ റമദാൻ

റമദാൻ മാസമടുത്തല്ലോ
റഹ്മത്തിൻ ശഹ്‌റാണല്ലോ.
ക്വുർആൻ ഇറങ്ങിയ മാസമിതിൽ
നോമ്പതു നോൽക്കൽ ഫറദാണേ.
റമദാൻ മാസം പകലിൽ നാം
നോമ്പുള്ളോരായ് കഴിയേണം.
സ്വുബ്ഹി മുതൽക്കു തുടങ്ങേണം,
മഗ്‌രിബുവരെയും തുടരേണം.
അതിന്റെയിടയിൽ തിന്നരുതേ,
ദാഹം തീർക്കാൻ നോക്കരുതേ.
വാക്കുകൾ നന്നായ് സൂക്ഷിക്കാം
നല്ലതു മാത്രം ചൊല്ലീടാം.
വഴക്കുകൂടാൻ പോകരുതേ,
നോമ്പിൻ കൂലി കളയരുതേ.
സമയത്തിൻ വിലയറിയേണം,
പാഴാക്കാതെയിരിക്കേണം.
നിസ്കാരത്തിൻ കാര്യത്തിൽ
നിഷ്ഠപുലർത്തണമെല്ലാരും.
സംഘനമസ്കാരത്തിന്നായ്
പള്ളിയിൽ പോകൽ ഗുണമാണേ.
ക്വുർആനിന്റെ മാസമിതിൽ
ക്വുർആൻ ഓതാം നന്നായി.
രാത്രിയിലുള്ള തറാവീഹ്-
നിസ്കാരത്തിൽ കൂടേണേ.
അങ്ങനെയെല്ലാ നന്മകളും
ചെയ്യുന്നോരായ് മാറേണേ.
എങ്കിൽ നാളെ സ്വർഗത്തിൽ
റയ്യാൻ എന്ന കവാടത്തിൽ
നമുക്ക് സ്വാഗതമരുളീടും
മലക്കുകൾ, അത് ഓർക്കേണേ.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...

**താങ്കൾ കേട്ടു തുടങ്ങിയോ?**



peaceradio

Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക

https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 APRIL 10

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

**2021-22 രജിസ്ട്രേഷൻ ആരംഭിച്ചു**




- ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!!
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് അഡ്മിഷൻ

**രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി: ഏപ്രിൽ 30**

അപേക്ഷകർ, **www.schoolofquran.in** എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

SCHOOL OF Qura'n

READ. LEARN. EVOLVE

**Office: Jamia Campus | Mini Ootty**
**Malappuram | Kerala | PIN 676519**

## CENTERS:

KASARAGODE: 8089192273 | KANHANGAD: 9544874747 | THALIPARMBA: 8606776770
KINAVAKKAL: 9495696216 | VADAKARA: 81570 42851 | KAPPAD 9846808230
PARAPPANAGADI: 9544924596 | TIRUR 9633099992 | THOTTASSERYARA: 8606600555
CHATTIPARAMBA: 9496526220 | KOLATHUR: 9447626843 | KOTTAKKAL: 9995798755
EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 7012902827
EDAKKARA: 9052602690 | VENGIDANGU: 9048869220 | MARANJERY: 7559955255
ERANAKULAM: 9061884888 | KOLLAM 9633540205 | ALAPPUZHA: 9895629378
ATTINGAL: 949771452 | KODUVAYUR: 9656118833 | KOLLAYIL: 9747258263
COIMBATORE: 9080475224 | ERODE: 9942958888

www.schoolofquran.in    mail@schoolofquran.in    SchoolOfQuranJamia